# الطريق إلى الحق

(المليبارية)

# സത്യത്തിലേക്കുള്ള പാത

രചന:
അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി

## ആമുഖം

**സ**ർവ്വസ്തുതിയും ജഗന്നിയന്താവും കാരുണ്യവാനുമായ അല്ലാഹുവിന്ന് അവൻെറദൂതരിൽ അന്തിമനായ പ്രവാചകൻ മുഹമ്മദ് നബിയിലും കുടുംബത്തിലും ബന്ധുമിത്രാദികളിലും അല്ലാഹുവിൻെറ കരുണാകടാക്ഷങ്ങൾ എന്നെന്നും വർഷിക്കുമാറാകട്ടെ (ആമീൻ)

നമ്മുടെ നാട്ടിൽ ഇന്ന് ഒരുപാട് മതങ്ങളും മതസ്ഥരും നിലനിൽക്കുന്നു എന്നത് നിഷേധിക്കാൻ കഴിയാത്ത ഒരുനഗ്ന സത്യമാണ്. എന്നാൽ പലരും മതമെന്ത് എന്ന് പഠിക്കുവാനോ മതത്തിൻെറ അന്തസ്സത്തയുൾക്കൊള്ളുവാനോ തയ്യാറില്ലാത്ത വിധം നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അക്കാരണത്താൽ തന്നെ മതങ്ങളുടെ പേരിൽ ചിലയിടങ്ങളിലെങ്കിലും മതതത്വങ്ങൾക്ക് നിരക്കാത്തതും മനുഷ്യഹൃദയങ്ങൾക്ക് അസഹനീയവുമായ കാര്യങ്ങളും ഉണ്ടാകാൻ തുടങ്ങിയിരിക്കുന്നു. ഇതൊരിക്കലും ഉണ്ടായിക്കൂടാത്തതും പൊറുപ്പിച്ചുകൂടാത്തതുമാണ്. ഒരിക്കലും മതങ്ങൾ അതിനു കാരണമാകുന്നില്ല, ദൈവീകമതങ്ങളൊന്നും തന്നെ അത്പഠിപ്പിച്ചിട്ടില്ല പഠിപ്പിക്കുകയുമില്ല, കാരണം മതങ്ങൾ സ്നേഹവും സാഹോദര്യവും ഐക്യവുമാണ് പഠിപ്പിച്ചിട്ടുള്ളത്. മനുഷ്യരെല്ലാം ദൈവത്തിൻെറ സൃഷ്ടികൾ, ദൈവമൊരിക്കലും മനുഷ്യരെ തമ്മിലടിപ്പിക്കുകയോ കലഹിപ്പിക്കുകയോ ചെയ്യുകയില്ല. പിന്നെ എന്താണതിന് കാരണം ? എന്തുണ്ട് അതിനു പരിഹാര മാർഗം ?

ഒരേയൊരു പരിഹാരമേയുള്ളൂ എല്ലാവരും തൻേറതെന്ന് അവകാശപ്പെടുന്ന മതത്തെക്കുറിച്ച് പഠിക്കുകയും അതുൾക്കൊള്ളാൻ തയ്യാറാവുകയും ചെയ്താൽ നമുക്ക് ഒന്നിക്കുവാനും ഐക്യപ്പെടാനും, ശാന്തിയോടെയും സമാധാനത്തോടെയുമുള്ള ഒരു ജീവിതസരണിയിലേക്ക് എത്തിച്ചേരുവാനും സാധിക്കും അതെ ആമാർഗ്ഗമാണ് ഇസ്ലാം.

ഹൈന്ദവദർശനങ്ങളും ക്രിസ്തീയ വേദപുസ്തകങ്ങളും പഠിപ്പിച്ച മാർഗ്ഗം അതാകുന്നു ഇസ്ലാം. നിങ്ങളുടെ മുന്നിൽ തുറന്നുതരുന്ന സമാധാനത്തിൻെറ സന്ദേശം.

നമ്മുടെ നാട്ടിലെന്ന് മാത്രമല്ല ലോകത്ത്തന്നെ കൂടുതൽ അനുയായികളുള്ള ക്രിസ്തുമതതത്വങ്ങളേയും, ഹൈന്ദവതത്വങ്ങളേയും അടിസ്ഥാനപരമായി അറിയുവാനും അതിലൂടെ തങ്ങളുടെ മതങ്ങൾപഠിപ്പിച്ച യാഥാർത്ഥ്യത്തിലേക്ക് അതായത് ഇസ്ലാമിലേക്ക്, നിത്യസമാധാനത്തിലേക്ക് എത്തിപ്പെടുവാനും ഈ ശ്രമം ഉപകരിച്ചെങ്കിലെന്ന് ആശിക്കുകയും അതിന്ന് ലോകനാഥനോട് പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് ''**സത്യത്തിലേക്കുള്ള പാത**'' എന്ന ഈ കൊച്ചുകൃതി നിശ്പക്ഷരായ സഹൃദയരായ ബഹുമാന്യ സഹോദരങ്ങളുടെ കൈകളിലേക്ക് ആദരപൂർവ്വം ഏൽപ്പിക്കുന്നു.

നിശ്പക്ഷരായ ആളുകൾക്ക് ഇസ്ലാം എന്നാൽ എന്താണ് എന്ന് മനസ്സിലാക്കുവാനും അതുവഴി സത്യമാർഗ്ഗത്തിലേക്ക് എത്തിപ്പെടുവാനും ഇതുകൊണ്ടു സാധ്യമാകുമെങ്കിൽ.. .. ഞാൻ കൃതാർത്ഥനായി അതുമാത്രമാണ് ഇതിന്നു പിന്നിലുള്ള ഏകലക്ഷ്യവും.

ഇതിന്ന് എന്നെ പ്രേരിപ്പിച്ച മുഴവൻ കൂട്ടുകാരോടും, ഇത് പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ബഹുമാന്യരായ *ജ: അബ്ദുർ റസാഖ് ബാഖവി, അശ്റഫ്* മരുത എന്നിവരോടുള്ള കടപ്പാടുകൾ ഓർമ്മിച്ചുകൊണ്ട്, ഇതിന് തൗഫീഖ് നൽകിയ സർവ്വാധിനാഥനെ സ്തുതിച്ചുകൊണ്ടും ഇതൊരു സൽക്കർമ്മമായി നാഥൻ പരിഗണിക്കുകയും, പ്രതിഫലംനൽകുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ട് പ്രബുദ്ധരായ മലയാളികൾക്കായി സാദരം സമർപ്പിക്കുന്നു.

തയ്യാറാക്കിയത്
അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി,
ഇസ്ലാമിക് ഗൈഡൻസ് സെൻറർ സുലൈ
റിയാദ്, സൗദി അറേബ്യ, ഫോ 2414488.

## ഒന്ന്
# ഇസ്ലാം പ്രകൃതിമതം

**ഇ**ന്ന് ലോകത്ത് അറിയപ്പെടുന്ന മതങ്ങളുടെ കൂട്ടത്തിൽ മനുഷ്യപ്രകൃതിക്ക് അനുയോജ്യമായതും സർവ്വകാലത്തേക്കും പ്രദേശത്തേക്കും ഇണങ്ങുന്നതും കാലം പഴകുംതോറും പ്രസക്തിയും പ്രശസ്തിയും ഏറിവന്നുകൊണ്ടിരിക്കുന്നതുമായ ഏകമതം ഇസ്ലാം അതൊന്നുമാത്രമാണ് . ഇസ്ലാം എന്ന വാക്ക് തന്നെ കാല ദേശ ഗോത്ര വർഗ്ഗ വ്യത്യാസമന്യേ ആർക്കും സ്വീകരിക്കാൻ പര്യാപ്തമാണ്. മററു മതങ്ങളെല്ലാം അവയുടെ പേരിൽതന്നെ പരിധികളും പരിമിതികളും നിലനിൽക്കുമ്പോൾ പ്രകൃതിമതമായ ഇസ്ലാം അതിൻെറ പേരിലൂടെതന്നെ അതിൻെറ കവാടം മലർക്കെ തുറക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുമതം യേശുക്രിസ്തുവിലേക്ക് ചേർക്കപ്പെടുമ്പോൾ, ഹിന്ദുമതം ഭൂപ്രദേശത്തിലേക്ക് ചേർക്കപ്പെടുന്നു. ജൂതമതമാകട്ടെ ഗോത്രവർഗ്ഗത്തിലേക്കും ചേർത്ത്പറയപ്പെടുന്നു. എന്നാൽ ഇസ്ലാം എന്ന പദത്തിൻെറ പല അർത്ഥങ്ങളിൽ ഒന്ന് സമർപ്പണം എന്നാണ്.

**സമർപ്പണം** : ഈ പദം ഏത് മതക്കാർക്കും അംഗീകരിക്കാൻ വൈമനസ്യം തോന്നുകയില്ല. നേരെമറിച്ച് ജൂതമതം സ്വീകരിക്കാൻ മററു ഗോത്രവർഗ്ഗക്കാർ തെയ്യാറായിക്കൊള്ളണമെന്നില്ല, അപ്രകാരം തന്നെ ഹിന്ദുമതം സ്വീകരിക്കാൻ മററു പ്രദേശങ്ങളിലുള്ളവർക്കും അരോചകമായിരിക്കും. എന്നാൽ ഇസ്ലാം ആവശ്യപ്പെടുന്നത് തൻെറ സൃഷ്ടാവാരാണോ അവൻെറ മുന്നിൽ അവൻെറ നിയമങ്ങൾക്ക് മുന്നിൽ ജീവിതം സമർപ്പിക്കുകയെന്നതാകുന്നു. ഖുർആൻ ആവശ്യപ്പെടുന്നത്തന്നെ ഇപ്രകാരമാണ്:

''ആകയാൽ ഋജുമാനസ്കനായി ദൈവത്തിലേക്ക് തിരിയുക, അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചപ്രകൃതിയത്രെ അത്. അല്ലാഹുവിൻെറ സൃഷ്ടിവ്യവസ്ഥക്ക് യാതൊരു മാററവുമില്ല അത

ത്രെ വക്രതയില്ലാത്തമതം, പക്ഷെ മനുഷ്യരിൽ അധികമാളുകളും (അത്) മനസ്സിലാക്കുന്നില്ല.'' (ഖുർആൻ 30: 30).
അതെ നാമെല്ലാം നമ്മുടെ ഇന്നലെകളിൽ ദൈവത്തിൻെറ നിയമങ്ങളും വ്യവസ്ഥകളും നൂറ് ശതമാനം പിൻതുടർന്നവർ ആയിരുന്നു. മതത്തെക്കുറിച്ചും ദൈവത്തെക്കുറിച്ചും പറയുന്ന പലയിടങ്ങളിലും തങ്ങളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ച് സ്രഷ്ടാവിനെ കണ്ടെത്താൻ ഖുർആൻ പ്രേരണ നൽകുന്നത് കാണാം. അതെ, ഇന്നലെകളിൽ നാം എവിടെയായിരുന്നു? നാം ഈ ഭൂമിയിലേക്ക് പിറന്നു വീഴുന്നത്വരെ അതിൻെറ പിന്നിൽ പ്രവർത്തിച്ചിരുന്ന ശക്തിയാരായിരുന്നു എന്ന് നീ എപ്പോഴെങ്കിലും ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നമ്മുടെ മാതാപിതാക്കളുടെ ബന്ധപ്പെടലും അവരുടെ പ്രവർത്തനങ്ങളും മാത്രമായിരുന്നു, എന്ന് നിനക്ക് വാദമുണ്ടോ? എങ്കിൽ എന്ത് കൊണ്ട് പലർക്കും അവർ ആ ഗ്രഹിച്ചിട്ടും പ്രവർത്തിച്ചിട്ടും തീരെ കുഞ്ഞുങ്ങൾ ഉണ്ടാകുന്നില്ല. അതല്ലെങ്കിൽ അവർ ആഗ്രഹിക്കുന്ന വിധത്തിലുള്ള കുഞ്ഞുങ്ങളല്ല ഉണ്ടാകുന്നത്. അപ്പോൾ അവരല്ലാത്ത ആരോ പ്രവർത്തിക്കുന്നു നിയന്ത്രിക്കുന്നു എന്നത് ഉറപ്പാണ് അതാരാണ്? അവരെ പരിചരിച്ചിരുന്ന ഡോക്ടർമാർ ആയിരുന്നു എന്ന് വാദമുണ്ടോ ? എന്നാൽ എന്ത്കൊണ്ടാണ് പലപ്പോഴും കാര്യങ്ങൾ ഡോക്ടർമാർക്ക് പോലും നിയന്ത്രിക്കാൻ കഴിയാത്തവിധം സങ്കീർണ്ണമായിത്തീരുന്നത് ? നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരാളും വിനയാന്വിതനായി സമ്മതിക്കുകതന്നെ ചെയ്യും. തൻെറ ജനനത്തിന്നു പിന്നിൽ സ്രഷ്ടാവിൻെറ അപാരമായ കഴിവും കാരുണ്യവും ഉണ്ടായിട്ടുണ്ട് എന്നും, അത്കൊണ്ട്തന്നെ തൻെറ ജീവിതം അവൻെറ മുന്നിൽ സമർപ്പിച്ചേമതിയാകൂ എന്നതും. പക്ഷേ അധികമാളുകളും ശരിയാംവണ്ണം ചിന്തിക്കാൻ തയ്യാറാകുന്നില്ല എന്നതാണ് വാസ്തവം !
ദൈവം ചോദിക്കുന്നത് കാണുക:
'' അല്ലയോമനുഷ്യാ അത്യുദാരനായ നിൻെറ രക്ഷിതാവിൻെറ കാര്യത്തിൽ നിന്നെ വഞ്ചിച്ചുകളഞ്ഞതെന്താണ്? അവൻ നി

ന്നെ സൃഷ്ടിക്കുകയും നിന്നെ സംവിധാനിക്കുകയും, നിന്നെ ശരിയായ അവസ്ഥയിൽ ക്രമീകരിക്കുകയും, അവനുദ്ദേശിച്ച രൂപത്തിൽ നിന്നെ (കൃത്യമായി) ഘടിപ്പിക്കുകയും ചെയ്തവനത്രെ'' ( വിശുദ്ധ ഖുർആൻ 82 : 6,7,8).
ആരെങ്കിലും തന്നെക്കുറിച്ച് മനസ്സിലാക്കിയാൽ അവൻ തൻെറ നാഥനെ അറിയുകതന്നെ ചെയ്യും എന്ന ആപ്തവാക്യം എത്ര വാസ്ഥവമാണ്. !

നമ്മുടെ സൃഷ്ടിപ്പ് എന്തുമാത്രം അത്ഭുതങ്ങൾ നിറഞ്ഞതും സങ്കീർണ്ണമായതുമാണ് !? എത്ര കടമ്പകൾ കടന്നാണ് നാം ഇന്നീ കാണുന്ന അവസ്ഥയിൽ എത്തിപ്പെട്ടിട്ടുള്ളത്?

ഖുർആൻ പറയുന്നത് കാണുക:

''മനുഷ്യന്, എന്താണ് എന്ന് പറയാൻപററാത്ത ഒരു കാലഘട്ടം കഴിഞ്ഞു പോയിട്ടില്ലയോ'' ? (ഖുർആൻ 76 : 1)

''എന്നാൽ മനുഷ്യൻ ചിന്തിച്ചുനോക്കട്ടെ എന്തിൽനിന്നാണ് അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്, തെറിച്ചുവീഴുന്ന ഒരു ദ്രാവകത്തുള്ളിയിൽ നിന്നെത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്! മുതുകെല്ലിനും നെഞ്ചെല്ലുകൾക്കുമിടയിൽ നിന്ന് അത് പുറത്തുവരുന്നു'' (ഖുർആൻ 86 : 6,7,8)

''നിങ്ങൾ സ്രവിക്കുന്ന ശുക്ളത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ നിങ്ങളാണോ അത് സൃഷ്ടിച്ചുണ്ടാക്കുന്നത് അതോ നാമാണോ'' (ഖുർആൻ 56: 59)

''പിന്നീട് ബീജമായികൊണ്ട് അവനെ നാം ഒരു ഭദ്രമായ സ്ഥാനത്ത് നിക്ഷേപിച്ചു, പിന്നീട് ആബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി, അനന്തരമതിനെ മാംസപിൺഡമാക്കി, തുടർന്ന് മാംസപിൺഡത്തെ അസ്ഥികൂടമാക്കി, പിന്നീട് അസ്ഥികൂടത്തെ നാം മാംസം കൊണ്ടു പൊതിഞ്ഞു, പിന്നീട് നാം അതിനെ മററൊരു സൃഷ്ടിയായി വളർത്തിയെടുത്തു. അപ്പോൾ ഏററവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു'' (ഖുർആൻ 23 : 13, 14)

ശാസ്ത്ര പുരോഗതികളോ, വികസനമോ നേടിയിട്ടില്ലാതിരുന്ന ആറാം നൂററാണ്ടിൽ അക്ഷരാഭ്യാസമെന്തെന്ന് പോലും അറിയാത്ത വ്യക്തിയിലൂടെ പുറത്തുവന്ന ഈ വാക്യങ്ങളിലടങ്ങിയിരിക്കുന്ന സത്യം ആധുനിക ശാസ്ത്രം നൂറ് ശതമാനം ശരിയെന്നംഗീകരിക്കുന്നു. കാരണം അത് മനുഷ്യൻെറ വാക്കുകളല്ല മനുഷ്യ സ്രഷ്ടാവായ പ്രപഞ്ചനാഥൻേറതാണ് എന്നത് തീർച്ച. ഈ ഖുർആനിക സത്യമാണ് ആധുനിക ഫ്രഞ്ച് ശാസ്ത്രജ്ഞനും ചിന്തകനുമായ **മോറീസ്ബുക്കായ്** യെ ഇസ്ലാമിലേക്കാകർശിച്ചത്. അദ്ദേഹം പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക '' മുഹമ്മദിൻെറ കാലത്തുള്ള വിജ്ഞാനങ്ങളും സൗകര്യങ്ങളും വെച്ച് നോക്കുമ്പോൾ ബോധ്യപ്പെടുന്ന ഒരു യാഥാർത്ഥ്യമുണ്ട് അതെന്തെന്നാൽ ഇതൊരിക്കലും മനുഷ്യൻെറ വാക്കുകളല്ല എന്നത് തന്നെ''!.

അപ്പോൾ ഗർഭകാലത്ത് നാം പൂർണ്ണമായും അനുസരിച്ചത് സൃഷ്ടാവിൻെറ ആജ്ഞകളും ക്രമീകരണങ്ങളുമായിരുന്നു, അന്ന് പ്രത്യേകമായനിലയിൽ ഭക്ഷണവും പാനീയങ്ങളും നമ്മുടെ പൊക്കിൾകൊടിയിലൂടെ നമുക്കവൻ നൽകിക്കൊണ്ടിരുന്നു. അങ്ങിനെ ഇരുനൂററിയെൺമ്പത് ദിവസത്തോളം നാം മാതാവിൻെറ ഗർഭാശയത്തിൽ കഴിച്ചുകൂട്ടി. പിന്നീട് അവൻ നമ്മെ ഭൂമിയിലേക്ക് പുറത്താക്കി എന്നിട്ട് നമ്മോടായി അവൻ പറഞ്ഞു. എനി നിങ്ങൾ ഏകദേശം എഴുപതോ, എമ്പതോ കൊല്ലം തൽക്കാലം ഭൂമിയിൽ ജീവിക്കുക അവിടെയും ഞാൻ പറയുന്നത് അനുസരിച്ച്, എൻെറ നിയമങ്ങൾക്ക് കീഴ്പ്പെട്ട് കൊണ്ട്, നിങ്ങളുടെ ജീവിതം എനിക്ക് സമർപ്പിക്കുക. എന്നാൽ വരാനിരിക്കുന്ന നിങ്ങളുടെ ശാശ്വത ജീവിതത്തിൽ നിങ്ങൾക്ക് സന്തോഷിക്കാം അല്ലാത്തപക്ഷം നിങ്ങളുടെജീവിതം നിത്യ ദുരിതസങ്കേതമായ നരകത്തിലായിരിക്കും.

തന്നെയുമല്ല ഇസ്ലാം മനുഷ്യനോട് ആവശ്യപ്പെടുന്ന ഏതെങ്കിലും ഒരുകാര്യം മനുഷ്യപ്രകൃതിക്ക് ഇണങ്ങാത്തതും യോജ്യമല്ലാത്തതുമാണ് എന്നോ, അതല്ലെങ്കിൽ ഇസ്ലാം മനുഷ്യ

രോട് വിലക്കുന്ന കാര്യങ്ങൾ അത് മനുഷ്യർക്ക് ആവശ്യമുള്ള തായിരുന്നു, അതിലാണ് മനുഷ്യർക്ക് നന്മയുള്ളത്, അതാണ് പ്രകൃതിയോട് യോജിച്ചത്, എന്നോ ഇസ്ലാമിൻെറ നാളിതു വരെയുള്ള ചരിത്രത്തിൽ ഉണ്ടായിട്ടുള്ള ശത്രുക്കൾക്ക്പോലും ഉന്നയിക്കാൻ കഴിഞ്ഞിട്ടില്ല, ഇനിയൊട്ടു കഴിയുകയുമില്ല. കാരണം അത് മനുഷ്യനിർമ്മിതമല്ല എന്നതുതന്നെ. അത് മനുഷ്യനേയും പ്രകൃതിയേയും സൃഷ്ടിച്ച പ്രപഞ്ചനാഥനിൽ നിന്നുള്ള പ്രകൃതിമതം തന്നെയാണ്.

പ്രപഞ്ചനാഥൻെറ പ്രഖ്യാപനം എന്തുമാത്രം അർത്ഥവത്തും ചിന്തനീയമായതുമാണ് !?

''എൻെറ മാർഗ്ഗദർശനം ആര് പിൻപററുന്നുവോ അവൻ പിഴച്ചു പോകുകയില്ല കഷ്ടപ്പെടുകയുമില്ല'' (ഖുർആൻ 20 : 123).

''തീർച്ചയായും ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിവരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നു കൊണ്ടും കിടന്നുകൊണ്ടും അവർ അല്ലാഹുവെ ഓർമ്മിക്കുകയും, ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിയെപ്പററി ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും) ഞങ്ങളുടെ രക്ഷിതാവേ ! നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇതൊന്നും. അതിനാൽ നരകശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാത്തു രക്ഷിക്കേണമേ.'' (ഖുർആൻ 3: 190, 191).

രണ്ട്

# ഇസ്‌ലാം സമാധാനത്തിൻെറ മതം

ദൈവീക ഗ്രന്ഥമായ ഖുർആൻ പറയുന്നത് കാണുക:
‘‘അല്ലാഹു സമാധാന ഭവനത്തിലേക്കാണ് (നിങ്ങളെ) ക്ഷണിക്കുന്നത്’’ (ഖുർആൻ 10: 25).

അല്ലാഹു മനുഷ്യനോടാവശ്യപ്പെടുന്ന ഏതൊരു വിഷയവും അവന് ശാരീരികമായും ആത്മീയമായും, ഭൗതികമായും പാരത്രികമായും പരിപൂർണ്ണവും ശാശ്വതവുമായ സമാധാനവും സ്വസ്തതയും നൽകുന്നവ മാത്രമാണ്. പ്രവാചകൻ(സ) പഠിപ്പിച്ച കീർത്തനങ്ങളിൽ ഇങ്ങിനെ കാണാൻ കഴിയും:

‘‘നാഥാ നിന്നിലാകുന്നു സാശ്വതസമാധാനം, നിന്നിൽനിന്നാകുന്നു സമാധാനം ’’ (മുസ്‌ലിം).

പ്രപഞ്ചനാഥൻ പ്രപഞ്ചത്തിലെ മുഴുവൻ സൃഷ്ടികൾക്കും അനുയോജ്യമായ പ്രകൃതി നിശ്ചയിക്കുകയും അതിനനുസരിച്ച് വഴികാണിക്കുകയും ചെയ്യുന്നവനാണ്, അവൻ നിശ്ചയിച്ച പ്രകൃതിയിൽ നിന്ന് മാത്രമേ സൃഷ്ടികൾക്ക് സമാധാനം ലഭ്യമാവുകയുള്ളൂ.

‘‘ഞങ്ങളുടെ നാഥൻ ഓരോ വസ്തുക്കൾക്കും അതിൻേറതായ പ്രകൃതിനൽകുകയും എന്നിട്ടതിന് വഴികാണിക്കുകയും ചെയ്യുന്നവനത്രെ’’ (ഖുർആൻ20 :50).

ഈ പ്രപഞ്ചത്തിലെ പരമാണുതൊട്ട് വലിയ ഭീമാകാരങ്ങളായ ജന്തുക്കൾ മുതൽ, അകാശഭൂമികളും അവകൾക്കിടയിൽ സ്ഥിതിചെയ്യുന്ന സൂര്യചന്ദ്രാദി നക്ഷത്രഗോളങ്ങളുമെല്ലാം തീർത്തും അല്ലാഹു നിശ്ചയിച്ച പ്രകൃതിക്കനുസരിച്ച് മാത്രം ചലിക്കുകയും അവക്ക് ഭംഗം നേരിടുമ്പോൾ അവയുടെ സുഗമവും സമാധാനപരവുമായ വ്യവസ്ഥക്ക് കോട്ടം തട്ടുകയും ചെയ്യുന്നു. ഉദാഹരണമായി മനുഷ്യ ശരീരപ്രകൃതി തന്നെ നാം

എടുത്തു പരിശോധിച്ചാൽ സ്രഷ്ടാവ് നിശ്ചയിച്ച പ്രകൃതി ക്കനുസരിച്ച് മാത്രമാണ് അവൻെറ ശ്വസനം, ദഹനം, പ്രത്യുൽ പാദനം മററ് അവയവങ്ങളുടെ ധർമ്മങ്ങൾ എന്നിവയെല്ലാം നടക്കുന്നത്. അവൻ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അല്ലാഹു വിൻെറ വ്യവസ്ഥകൾക്ക് അവൻ കീഴ്പ്പെട്ടേ മതിയാകൂ. അവ ൻെറ കാരുണ്യവും സ്നേഹവും മാത്രമാണ് തൻെറ ഭൗതിക ജീവിതത്തിലെ സമാധാനത്തിനാധാരം. ഇക്കാര്യം ബുദ്ധിയു ള്ള ഒരാൾക്കും തന്നെ നിഷേധിക്കുവാൻ കഴിയുകയില്ല. സർ വ്വജ്ഞനായ അല്ലാഹു പറയുന്നതെത്ര വ്യക്തം!:

‘‘ അപ്പോൾ അല്ലാഹുവിൻെറ മതമല്ലാത്ത മററുവല്ല മതവു മാണോ അവർ ആഗ്രഹിക്കുന്നത്, (വാസ്തവത്തിൽ) ആകാശ ങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന് കീഴ്പ്പെട്ടിരിക്കുകയും ചെയ്തിരി ക്കുന്നു. (എന്നാൽ)അവങ്കലേക്ക് തന്നെയാണ് അവർ മടക്ക പ്പെടുക എന്നും (അവർ ഓർക്കേണ്ടതാണ്)’’ (ഖുർആൻ 3: 83).

എങ്കിൽ പിന്നെ ശാശ്വതമായ ഇഹപര വിജയത്തിന്നും സമാധാ നത്തിന്നും വേണ്ടി ദൈവം നിശ്ചയിച്ചുതന്ന മാർഗ്ഗം എന്തു കൊണ്ടവന്ന് അവലംഭിച്ചുകൂട !?.

ഓരോ ജീവികൾക്കും സ്രഷ്ടാവ് നിശ്ചയിച്ച പ്രകൃതി മാത്ര മാണ് അവക്ക് പൂർണ്ണ സമാധാനം നൽകുന്നത്. അന്തരീക്ഷ ത്തിൽ പാറിക്കളിച്ച് പറന്നുല്ലസിക്കുന്ന പറവകളെ നാം പിടിച്ചു സ്വർണ്ണക്കൂട്ടിലടച്ച് പാലും പഴവും നൽകിയാൽ പോലും അതി ൻെറ സമാധാനം നഷടപ്പെടുകയാണ്. കാരണം അതിന് ദൈ വം നിശ്ചയിച്ച പ്രകൃതി തെററി എന്നത് തന്നെ. അപ്രകാരം തന്നെ വെള്ളത്തിൽ ജീവിക്കുന്ന മത്സ്യത്തിൻെറ പ്രകൃതിക്ക് മാററം വരുത്തുമ്പോൾ അത് ചത്തുപോകുന്നു. ഇതിൽ നിന്നെ ല്ലാം പ്രപഞ്ചത്തെ സൃഷ്ടിക്കുകയും അവയിലടങ്ങിയ ഓരോ ജീവജാലങ്ങൾക്കും അവൻ നിശ്ചയിച്ച പ്രകൃതിമാത്രമാണ് അവക്ക് സ്വസ്തതയും സമാധാനവും നൽകാൻ പര്യാപ്തമാ

യിട്ടുള്ളത് എന്ന് നമുക്ക് നമ്മുടെ ബുദ്ധികൊണ്ട് തന്നെ കണ്ടെത്താൻ കഴിയും.

ഇനി മറെറാരു നിലക്കും നമുക്കീ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും ഇസ്‌ലാം മനുഷ്യനോട് ചെയ്യാനാവശ്യപ്പെടുന്ന ഓരോ കാര്യങ്ങളും, അതുപോലെ അവനോട് വർജ്ജിക്കാനാവശ്യപ്പെടുന്ന കാര്യങ്ങളും നാം എടുത്ത് പരിശോധിക്കുകയാണ് എങ്കിൽ അവയത്രയും മനുഷ്യൻെറ ഇഹപര വിജയത്തിനും പുരോഗതിക്കും പരിപൂർണ്ണ സമാധാനത്തിനും ഉതകുന്നതാണ്. അതിന്നെതിര് പ്രവർത്തിച്ചാൽ അത് അവൻെറ ജീവിതത്തിൽ പല നിലക്കുള്ള ബുദ്ധിമുട്ടും വരുത്തിവെക്കുന്നു. ജീവിതത്തിൽ സ്വസ്തതയും സമാധാനവും നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ഉദാഹരണമായി ഇസ്‌ലാം മനുഷ്യനോട് മദ്യപിക്കരുത് എന്നും, മദ്യം തീർത്തും വർജ്ജിക്കണമെന്നും ആവശ്യപ്പെടുന്നു. ഇത് മനുഷ്യൻ അംഗീകരിച്ചാൽ ഏത് വിധേനയും അവൻെറ ജീവിതത്തിൽ നേട്ടങ്ങൾ മാത്രമാണത് കൊണ്ട് ഉണ്ടായിത്തീരുന്നത്. എന്നാൽ ഇതംഗീകരിക്കാതെ മദ്യപിക്കുന്നവരുടെ അവസ്ഥയോ ?! നാം അതൊന്നെടുത്ത് പരിശോധിച്ചാൽ, അതവൻെറ സമ്പത്ത് നശിപ്പിക്കുന്നു, ആരോഗ്യം കേടുവരുത്തുന്നു, വിലപ്പെട്ട സമയം അപഹരിക്കുന്നു, ബുദ്ധിയെ മരവിപ്പിക്കുന്നു, കുടുംബകലഹം ഉണ്ടാക്കുന്നു, കൂട്ടുകാരും നാട്ടുകാരും വെറുക്കുന്നു, ദാരിദ്ര്യം വിലക്കുവാങ്ങുന്നു, സ്വസ്തത നഷ്ടപ്പെടുത്തുന്നു, അവൻ നിത്യരോഗിയായിത്തീരുന്നു, സമാധാനം നഷ്ടപ്പെടുന്നു, സർവ്വോപരി പരലോകത്ത് നരകാവകാശിയായി മാറുകയുംചെയ്യുന്നു. ഇത്പോലെ മററ് ഏതൊരുകാര്യം നാം പരിശോധിച്ചാലും, അവയത്രയും മനുഷ്യനിൽ നന്മയും സമാധാനവും ഉണ്ടാക്കുന്നതായി കാണാം. അതെ, ഇസ്‌ലാം എന്ന പേര് വ്യക്തമാക്കിത്തരുന്നത് പോലെത്തന്നെ അതിലെ ഓരോ നിയമങ്ങളും മനുഷ്യന് സമാധാനമേകുകതന്നെ ചെയ്യും. നിങ്ങൾ നിങ്ങളുടെ ജീവിതം ദൈവീക നിയമങ്ങൾക്ക് സമർപ്പിച്ചാൽ അത് നിങ്ങളെ സമാധാനത്തിലേക്ക് വഴികാണിക്കും.

## മൂന്ന്

# ഇസ്ലാമിൻെറ അടിത്തറ

മനുഷ്യർ ജന്മനാ ഏകദൈവവിശ്വാസികൾ ആയിരുന്നു എന്നും, എക്കാലത്തെയും ജനങ്ങൾ ഒരു ശക്തിയിൽ വിശ്വസിച്ചിരുന്നു എന്നുമുള്ള സത്യം പൗരാണിക ചരിത്രപഠനങ്ങൾ വ്യക്തമാക്കിത്തരുന്നു. പുരാതനനദീതട സംസ്കാരങ്ങൾ ഇതിലേക്കാണ് വെളിച്ചം വീശുന്നത്.

ഇസ്ലാം മതത്തിൻെറ അടിത്തറ ഏകദൈവ വിശ്വാസമാണ്. സർവ്വലോകങ്ങളേയും അതിലെ മുഴുവൻ ചരാചരങ്ങളേയും സൃഷ്ടിക്കുകയും സംരക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന, ഒരുവേള അവയെ സംഹരിക്കാനും ശക്തിയും അധികാരവുമുള്ള ഒരുദൈവത്തെയാണ് ഇസ്ലാം പരിചയപ്പെടുത്തുന്നത്. അവൻ ഏകനും പങ്കാരില്ലാത്തവനുമാണ്. അവൻ ആദിയും അന്ത്യവുമില്ലാത്തവനാണ്.

ഖുർആൻ അവനെ പരിചയപ്പെടുത്തുന്നത് കാണുക:

‘‘താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്ത അല്ലാഹുവാണവൻ, അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ, അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു. താനല്ലാതെ യാതൊരാരാധ്യനുമില്ലാത്ത അവൻ രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനുമാകുന്നു, അവർ പങ്ക്ചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ. സൃഷ്ടാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏററവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവ അവൻെറ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും’’ ( ഖുർആൻ 59 : 22,23, 24).

‘‘ആകാശ ഭൂമികളിലുള്ളവയെല്ലാം അല്ലാഹവിന് പ്രീകീർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. അവൻ പ്രതാപിയും യുക്തിമാനുമാകുന്നു. അവനാകുന്നു ആകാശഭൂമികളുടെ ആദിപത്യം. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു, അവൻ സർവ്വ കാര്യത്തിനും കഴിവുള്ളവനുമാകുന്നു. അവൻ ആദിയും അന്തിമനും പ്രത്യക്ഷമായവനും പരോക്ഷമായവനുമാകുന്നു, അവൻ സർവ്വ കാര്യങ്ങളെക്കുറിച്ചും അറിവുള്ളവനുമാകുന്നു’’ (വിശുദ്ധ ഖുർആൻ 57: 1,2,3)

‘‘പറയുക, അവൻ ഏകനാകുന്നു, അവൻ പരാശ്രയം ആവശ്യമില്ലാത്തവനും എല്ലാവർക്കും ആശ്രയമായിട്ടുള്ളവനുമാകുന്നു, അവൻ പിതാവോ പുത്രനോ അല്ല, അവനു തുല്ല്യമായി ആരും തന്നെയില്ല’’ (ഖുർആൻ 112: 1..4).

ഈ ഭൂമിയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന നമുക്ക് വേണ്ടി ഭൂമിയെ വാസയോഗ്യമാക്കിത്തന്ന, ഭൂമിയിലുള്ളത് മുഴുവൻ നമുക്ക്വേണ്ടി സൃഷ്ടിച്ചു തന്ന അവൻ എന്തുമാത്രം കരുണയുള്ള വനാണ്.

അവൻ മനുഷ്യനെ ഏററവും സുന്ദരമായ ആകാരഭംഗിയോടെയും ബുദ്ധിവൈഭവത്തോടെയും സൃഷ്ടിച്ചു, കരയിൽ കാണുന്ന ഏററവുംവലിയ ജന്തുക്കളെപ്പോലും മെരുക്കിയെടുത്ത് തനിക്ക് പ്രയോജനപ്പെടുത്താനും നിയന്ത്രിക്കാനും അവനവൻ കരുത്തും കഴിവും നൽകി. അതുമുഖേന പ്രപഞ്ചത്തിൽ ദൈവം വിന്യസിച്ചിരിക്കുന്ന വസ്തുക്കളെ കൂട്ടിയിണക്കി അത്ഭുതം സൃഷ്ടിച്ച് മനുഷ്യതുല്യം പ്രവർത്തിക്കുന്ന യന്ത്രമനുഷ്യനും കമ്പ്യൂട്ടറും ഇൻറർനെററുമെല്ലാം അവൻ തൻെറ കരവലയത്തിലൊതുക്കി. പക്ഷേ, ഇതിൻെറ മറുവശവും കൂടി നാം ആലോചിക്കുമ്പോൾ മനുഷ്യൻ വളരെ കഴിവു കുറഞ്ഞ, തന്നെപ്പോലും നിയന്ത്രിക്കാൻ കഴിയാത്ത ദുർബലനാണെന്ന കാര്യവും നമുക്ക് ബോധ്യപ്പെടും. അല്ലാഹു പറയുന്നു: ‘‘മനുഷ്യാ നീ ദുർബലനായിക്കൊണ്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.’’ (ഖുർആൻ 4: 28 ).

മനുഷ്യൻ എത്രമാത്രം വളർന്ന് വികസിച്ച് നേട്ടങ്ങൾ കൈ വരിച്ചിട്ടുണ്ടെങ്കിലും തന്നെപ്പോലും നിയന്ത്രിക്കാൻ കഴിയാത്ത വിധം ദുർബലനാണ് എന്നതു തന്നെയല്ലേ വാസ്തവം. നമ്മുടെ കണക്കുകൂട്ടലുകളെല്ലാം തെററിച്ചുകൊണ്ടുള്ള, തങ്ങളുടെ എല്ലാവിധ കഴിവുകളെയും മറികടന്നുകൊണ്ടുള്ള പ്രകൃതി ക്ഷോഭങ്ങൾ, കാലവർഷക്കെടുതികൾ, രോഗങ്ങൾ, അപകട ങ്ങൾ... അങ്ങിനെ പലതും, ഇതെല്ലാം അനുഭവപ്പെടുമ്പോൾ, കാണുമ്പോൾ അവൻെറ മനസ്സ് ഭയചകിതമാകുകയും വെ പ്രാളപ്പെടുകയും തനിക്കിതൊന്നും ബാധിക്കാതിരുന്നെങ്കിൽ, അതല്ലെങ്കിൽ തന്നെ ബാധിച്ച അപകടത്തിൽ നിന്നൊന്ന് രക്ഷ പ്പെട്ടെങ്കിൽ; അതല്ലെങ്കിൽ തൻെറ പ്രതീക്ഷകളും, മോഹങ്ങ ളും സഫലമാകാതിരിക്കുമ്പോൾ തൻെറ മനസ്സിൻെറ ഉള്ളിൽ നിന്നുണ്ടാകുന്ന പ്രതീക്ഷനിറഞ്ഞ നിസ്സഹായത തെളിയുന്ന ഒരു വിളിയുയരുക സ്വാഭാവികമാണ്. ഇസ്ലാം പറയുന്നു പ്രസ്തുത വിളി തൻെറ സ്രഷ്ടാവും സംരക്ഷകനുമായ ശക്തി യുടെ നേർക്ക് മാത്രമായിരിക്കണമെന്നാണ്. ആ ശക്തിയെ 'യഥാർത്ഥ ആരാധ്യൻ' എന്ന് അർത്ഥംവരുന്ന അറബി പദമായ അല്ലാഹു എന്ന് ദൈവം അവൻെറ വചനങ്ങളിൽ പരിച യപ്പെടുത്തുന്നു. എന്നാൽ അത്തന്നെ ആയിക്കൊള്ളണ മെന്നില്ല. ഈശ്വരൻ, ദൈവം, പരബ്രഹ്മം, ഗോഡ്, ഭഗവാൻ, യഹോവ, ഹുദ എന്നിങ്ങനെ ഏത് പേരിലൂടെ അറിയപ്പെട്ടാലും ശരി, മേൽപറയപ്പെട്ട ശക്തിയുടെ നേർക്ക് മാത്രമായിരിക്കണം അത് എന്നതാണ് ഇസ്ലാം അതിൻെറ ആധാരശിലയായി പഠിപ്പിക്കുന്നത്. കാരണം തൻെറ രഹസ്യങ്ങളും പരസ്യങ്ങളും അറിയുന്ന അവന്, പ്രപഞ്ചനാഥന് മാത്രമേ തന്നെ സഹായിക്കാൻ കഴിയുകയുള്ളൂ. മററുള്ളവരെല്ലാം സഹായം ആവശ്യമായിട്ടുള്ള സൃഷ്ടികൾ മാത്രമാണ്. മനുഷ്യമനസ്സിൽ നിന്നുയരുന്ന വിളി (പ്രാർത്ഥന) അതാണ് സ്രഷ്ടാവ് സൃഷ്ടികളിൽ നിന്നുമാവശ്യപ്പെടുന്ന ഏററവും പ്രധാനപ്പെട്ട ആരാധന.

അല്ലാഹു പറയുന്നു:

''മനുഷ്യരേയും ജിന്നു വർഗ്ഗത്തേയും എന്നെമാത്രം ആരാധിക്കാനായിട്ടല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല, ഞാൻ അവരിൽ നിന്നും ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല'' (ഖുർആൻ 51:55).

എന്നാൽ മനുഷ്യനിന്ന് തന്നെപ്പോലെ ജനിക്കുകയും, വളരുകയും രോഗിയാവുകയും ചെയ്യുന്ന, തൻെറ നേർക്കുവരുന്ന അപകടങ്ങളെപ്പോലും തടുക്കാനാകാത്ത മനുഷ്യരോട് തന്നെ രക്ഷ തേടുന്നു എന്നത് എന്തുമാത്രം വിഡ്ഢിത്തമാണ് !?. മററുചിലരാകട്ടെ മരണപ്പെട്ടവരുടെ ശവക്കൂനകൾക്കരികിൽ ചെന്ന് ശരണം തേടുന്നു !?. വേറെ ചിലർ മരങ്ങൾ, ചെടികൾ, ഇഴജെന്തുക്കൾ, നദികൾ, സൂര്യൻ, തങ്ങളുടെ കൈകളാൽ മണ്ണുകുഴച്ചുണ്ടാക്കപ്പെട്ട വിഗ്രഹങ്ങൾ എന്നുമാത്രമല്ല മനുഷ്യ ലിംഗത്തെ വരെ പൂജിക്കുകയും അവയിൽ ശരണം തേടുകയും, രക്ഷ തേടുകയും ചെയ്യുന്നു. എന്നാൽ ഇവയൊന്നും തന്നെ മതങ്ങൾ പഠിപ്പിച്ച തത്വങ്ങളിലോ ദൈവീകാചാര്യൻമാർ കൊണ്ടുവന്ന സന്ദേശങ്ങളിലോ കാണാൻ കഴിയുന്നതല്ല. മറിച്ച് മതങ്ങൾ എതിർത്തതാണിവയെല്ലാം !.

ലോകത്ത് അനേകം ദൈവദൂതന്മാർ കഴിഞ്ഞുപോയിട്ടുണ്ട് അവരെല്ലാം പ്രബോധനം ചെയ്ത പ്രധാനതത്വം ഏകനായ ദൈവത്തെ മാത്രം വിളിച്ചുപ്രാർത്ഥിക്കുക, അവനിൽ യാതൊന്നിനേയും പങ്ക്ചേർക്കാതിരിക്കുക, അവൻെറ നിയമങ്ങൾ പരിപൂർണ്ണമായും അനുസരിക്കുക, അവൻെറ മുന്നിൽമാത്രം തലകുനിക്കുക, അവനെമാത്രം ഭയപ്പെടുക. അവനിൽമാത്രം പ്രതീക്ഷകൾ അർപ്പിക്കുക എന്നുള്ളതായിരുന്നു.

എന്നാൽ മുമ്പ് നിയുക്തരായിരുന്ന ദൈവദൂതന്മാരെല്ലാം നിശ്ചിത കാലഘട്ടങ്ങളിലേക്കും പ്രദേശങ്ങളിലേക്കും മാത്രമായിരുന്നു. നോഹ, അബ്രഹാം, മോശ, യേശു, യാക്കോബ്.... എന്നിവരെല്ലാം ദൈവത്താൽ നിയോഗിതരായിരുന്ന ദൂതന്മാരിൽ ചിലരാണ്. നമ്മുടെ ഇന്ത്യാരാജ്യത്ത് ആദരിക്കപ്പെടുന്ന മുനിമാരും മഹർഷിമാരും ദൈവദൂതൻമാർ ആയിക്കൂടായ്ക

യില്ല. കാരണം ഒരൊററ സമൂഹവും തന്നെ ദൈവത്താൽ നിയുക്തനായ ഒരു ദൂതൻ നിയോഗിക്കപ്പെട്ടിട്ടല്ലാതെ കഴിഞ്ഞു പോയിട്ടില്ല; എന്ന് ഖുർആൻ വ്യക്തമാക്കുന്നുണ്ട്. എന്നാൽ മനുഷ്യൻെറ ജന്മശത്രുവായ പിശാച് മനുഷ്യനെ ദൈവത്തിന് മാത്രം അർപ്പിക്കേണ്ട ആരാധനകൾ മററുള്ളവരിലേക്ക് തിരിച്ചു വിടാൻ പ്രേരിപ്പിക്കുകയും, ബഹുദൈവാരധനയിലേക്കും മദ്ധ്യ വർത്തി പൂജയിലേക്കും മനുഷ്യനെ കൊണ്ടുചെന്നെത്തിക്കു കയും ചെയ്തുകൊണ്ടിരുന്നു. മേൽപറഞ്ഞ രൂപത്തിൽ മനു ഷ്യൻ ദുശിച്ചുപോകുമ്പോൾ ജനങ്ങളെ സത്യപാതയിലേക്ക് തിരിച്ചുകൊണ്ടുവരാൻ പ്രവാചകൻമാരെ (ദൈവ ദൂതന്മാരെ) നിയോഗിച്ചുകൊണ്ടിരുന്നു. അവരിൽ അവസാനത്തെ ദൂത നായ മുഹമ്മദ്നബിയിലൂടെ മുഴുവൻ ജനങ്ങളിലേക്കും മുഴു വൻ കാലത്തേക്കുമായി അവതരിപ്പിച്ച വേദഗ്രന്ഥത്തിൽ ദൈവം ഇങ്ങിനെ വെളിപ്പെടുത്തിയിരിക്കുന്നു.

‘‘നിങ്ങളുടെ കൂടെയുള്ള വേദങ്ങളെ സത്യപ്പെടുത്തിക്കൊണ്ട് ഞാൻ അവതരിപ്പിച്ചു തന്നിട്ടുള്ളതിൽ നിങ്ങൾ വിശ്വസിക്കു വീൻ’’ ( ഖുർആൻ 2 : 41). അതുപോലെത്തന്നെ ‘ഞാൻ എനി ക്കുമുമ്പുള്ള വേദങ്ങളെ സത്യപ്പെടുത്തിക്കൊണ്ടാണ് നിയോ ഗിക്കപ്പെട്ടിരിക്കുന്നത്’’ എന്നും നമുക്ക് കാണാവുന്നതാണ്. അതുകൊണ്ട് തന്നെ ഇസ്ലാം പറയുന്ന ഏററവും മുഖ്യമായ തത്വം, ‘‘ മനുഷ്യരേ നിങ്ങളേയും നിങ്ങൾക്ക് മുമ്പുള്ളവ രേ യും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കു വീൻ നിങ്ങൾ (ദോഷബാധയെ) സൂക്ഷിക്കുന്നവരായേ ക്കാം’’ ( ഖുർആൻ 2:21). എന്ന ഇസ്ലാമിൻെറ അടിത്തറ മററു മതഗ്രന്ഥധങ്ങളിലും നമുക്ക് കണ്ടെത്താൻ കഴിയുന്നതാണ്.

## നാല്
# ദൈവവിശ്വാസം ഹിന്ദുമതത്തിൽ

ഇന്ന് നാം കാണുന്ന ഹിന്ദുമതവും ഹൈന്ദവവിശ്വാസികളും വിഗ്രഹങ്ങളേയും മററു പലതിനേയും ആരാധിച്ചുകൊണ്ടിരിക്കുന്നതായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്. എന്നാൽ പുരാതനങ്ങായ ഹൈന്ദവവേദഗ്രന്ഥങ്ങളും ഉപനിഷത്തുക്കളുമെല്ലാം ഏക ദൈവവിശ്വാസമാണ് ഹിന്ദുമതത്തിൻെറ അടിസ്ഥാനം എന്ന കാര്യമാണ് നമുക്ക് ബോധ്യപ്പെടുത്തിത്തരുന്നത്. നിങ്ങളുടെ പക്കലുള്ളതിനെ സത്യപ്പെടുത്തിക്കൊണ്ടാണ് ഖുർആനിൻെറ അവതരണമെന്ന പ്രഖ്യാപനം എത്ര സത്യമാണ്.!

താഴെപറയുന്ന വേദങ്ങളുടേയും ഉപനിഷത്തുകളുടേയും വരികൾ ശ്രദ്ധിച്ചാൽ ഇന്ന് കാണുന്ന ഹിന്ദുമതം പുരോഹിതന്മാരാൽ മാററിമറിക്കപ്പെട്ടതാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാകുകയില്ല.

ഹൈന്ദവ ഗ്രന്ഥങ്ങളായ പുരാതന ചതുർവേദങ്ങളിൽ പ്രധാനപ്പെട്ട <u>**ഋഗ്വേദം**</u> പരിചയപ്പെടുത്തുന്ന ഏക ദൈവസങ്കൽപ്പം കാണുക:

**ഹിരണ്യ ഗർഭ: സമവർത്തതാഗ്രേ**
**ഭൂതസ്യ ജാത: പതിരേഗ ആസിത്**
**സദാധാര പൃഥിവിം ദ്യാമുതേമാം**
**കസ്മൈ ദേവായ ഹവിഷാ വിധേമ**
**(ഋഗ്വേദം മൺഡലം 10, സുക്തം 121, ഋക്ക് 1 )**

അർത്ഥം: (പ്രകാശ സ്വരൂപിയും സൂര്യാദിയായ പ്രകാശിക്കുന്ന വസ്തുക്കളെ സൃഷ്ടിച്ചു വഹിക്കുന്നവനും ഉൽപ്പന്നമായ മുഴുവൻ ജഗത്തിൻേറയും പ്രസിദ്ധനും രക്ഷകനുമായ ഏകനായ **ഹിരണ്യ ഗർഭൻ** ജഗത്തുണ്ടാകുന്നതിന്ന് മുമ്പുതന്നെ വെളിപ്പെട്ടു. അവൻ ഭൂമിയേയും സ്വർഗ്ഗത്തേയും വഹിക്കുന്നു. സു

ഖസ്വരൂപിയായ അവരെ സ്വീകരിക്കത്തെക്കതായ ശ്രദ്ധാ പൂർണ്ണനായ ഉപാസനകൊണ്ട് ഞങ്ങൾ ഭജിക്കുന്നു).

## കഠോപനിഷത്ത് :

അശരീരം ശരീരേശ്വന വസ്ഥേഷ്യ വസ്തിതം
അഹാന്തം വിഭുമാത്മാനും മത്വാധീരോ ശോചതി
(കഠോപനിഷത്ത് പ്രഥമാദ്ധ്യായം, ദ്വിതീയവല്ലി, ശ്ലോകം 22)

അർത്ഥം : (ആ പരമാത്മാവ് സർവ്വവ്യാപിയും അസ്ഥിരനും ശരീരമുണ്ടെങ്കിലും വിദേഹനും അചഞ്ചലനും മഹാനുമാകുന്നു. ആ പരമാത്മാവിനെപ്പററി അറിയുന്ന ജ്ഞാനി ഒരിക്കലും ശോകാതുരനാകുകയില്ല)

## കേനോപനിഷത്ത് :

യക്ഷച്ചുഷാന പശ്വതി യേനചഷ്യം ഷി പശ്വതി
തദേവ ബ്രഹ്മത്വം വിദ്ധിനേദം യദിനമുപാസതേ
യത്ശ്രോത്രേണ നശ്രുണോതി യേനശ്രോത്രമിദം ശ്രുതം
തദേവ ബ്രഹ്മത്വം വിദ്ധിനേദം യദിതമുപാസതേ
(കേനോപനിഷത്ത് ഖൺഡം 1, ശ്ലോകം 6,7)

അർത്ഥം: ( യാതൊന്നാണോ കണ്ണുകൊണ്ട് കാണാൻ സാധിക്കാത്തത്, എന്നാൽ കണ്ണിന്ന് ദർശനം ലഭിക്കുന്നതിന് കാരണം യാതൊന്നാണോ അതിനെത്തന്നെ ബ്രഹ്മമെന്ന് മനസ്സിലാക്കുക, കണ്ണുകൊണ്ട് കാണുന്ന യാതൊന്നിനേയാണോ മനുഷ്യൻ ഉപാസിക്കുന്നത് അത് ബ്രഹ്മമല്ല. യാതൊരു ശബ്ദത്തെ കാത് കൊണ്ട് ആർക്കും കേൾക്കാൻ സാധ്യമല്ലയോ, എന്നാൽ യാതൊന്നിൽ നിന്നാണോ ആ ശ്രവണേന്ദ്രിയത്തിന് ശ്രവണശക്തി ലഭിക്കുന്നത്, അതിനെത്തന്നെ ബ്രഹ്മമെന്ന് നീമനസ്സിലാക്കുക, കാതുകൾക്ക് ഉപാസനാവിഷയമായിരിക്കുന്നത് ബ്രഹ്മമല്ല).

## ഈശാവാസ്യോപനിഷത്ത് :

അന്ധംതമ: പ്രവിശാന്തിയേ സംപൂതി മുപാസതേ
തതോഭൂയ ഇവ തേ തമോ യഉ സംഭൂത്യാം രതാ:
(ഈശാ വാസ്യോപനിഷത്ത് ശ്ലോകം 12)

അർത്ഥം: ( നശ്വരങ്ങളായ ദേവ പിതൃ മാതാവാദികളെ ഉപാസിക്കുന്നവൻ അജ്ഞാനമാകുന്ന ഘോരാന്ധകാരത്തിൽ പതിക്കുന്നു, അവിനാശിയായ പരമാത്മാവിനെക്കുറിച്ച് മിഥ്യാഭിമാനത്തോടുകൂടിയായിരിക്കുന്നവരും ഘോരാന്ധ കാരത്തിൽ തന്നെ പതിക്കുന്നു).

മേൽ കൊടുത്തിട്ടുള്ളത് ഏതാനും ഉദാഹരണങ്ങൾ മാത്രം, ഹൈന്ദവഗ്രന്ഥങ്ങളിൽ വിഗ്രഹാരാധനയെക്കുറിച്ചല്ല നമുക്ക് കാണാൻ കഴിയുക, മറിച്ച് കണ്ണുകൊണ്ട് കാണാൻ കഴിയാത്തതും കണ്ണുകൾക്ക് കാഴ്ചശക്തി നൽകുന്നവനുമായ ശക്തിയേതാണോ അവനെയാണ് നിങ്ങൾ ആരാധിക്കേണ്ടത്; എന്ന് പഠിപ്പിക്കുന്നതായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്. അപ്പോൾ ഇന്നത്തെ ഹൈന്ദവ സഹോദരങ്ങൾ ഹിന്ദുമതത്തിൽ നിന്നും എത്രവിദൂരത്താണ് എത്തിനിൽക്കുന്നത് !?.

പ്രിയപ്പെട്ട സഹോദരാ, താങ്കൾ ഹിന്ദുമതവിശ്വാസിയാണോ എങ്കിൽ ഹിന്ദുമതതത്വങ്ങളിലേക്ക് തിരിച്ചുവരൂ. ബിംബങ്ങളില്ലാത്ത, പ്രതിരൂപങ്ങളോ പ്രതിഷ്ഠകളോ ഇല്ലാത്ത പ്രകൃതിദത്തമായ ഈശ്വരവിശ്വാസത്തിലേക്ക്, അതെ അനശ്വരനായ ഈശ്വരനിലേക്ക് തിരിയുക അവനെമാത്രം നമിക്കുക. അവനിൽ മാത്രം ശരണം തേടുക. എത്ര സുന്ദരമായ തത്വം. !

പ്രകൃതിയെക്കുറിച്ച് ദൈവത്തിൻെറ സൃഷ്ടികളെക്കുറിച്ച് ചിന്തിക്കുക, അതിലൂടെ ദൈവസാമീപ്യം അനുഭവപ്പെടുകതന്നെ ചെയ്യും.

## അഞ്ച്

# ഏകദൈവ വിശ്വാസം ക്രിസ്തുമതത്തിൽ

ഇന്ന് നാം കാണുന്ന ക്രിസ്തുമത വിശ്വാസികളും യേശുക്രിസ്തു പഠിപ്പിച്ച ബൈബിൾ തത്വങ്ങളിൽ നിന്നും ബഹുദൂരം അകന്നു പോകുകയും, യേശു ക്രിസ്തു പഠിപ്പിച്ച സന്ദേശങ്ങൾക്ക് വിരുദ്ധമായ ആശയങ്ങൾ ക്രിസ്തുമതമായി അംഗീകരിക്കുകയും ചെയ്തതായിട്ടാണ് ബൈബിൾ നമുക്ക് പറഞ്ഞു തരുന്നത്. ഇന്നത്തെ കൈസ്തവതയുടെ ആണിക്കല്ലായി കരുതിപ്പോരുന്ന ത്രിത്വമടക്കം, ബൈബിളിൽ പറയപ്പെട്ട പ്രവാചകൻമാർ പ്രബോധനം ചെയ്ത ഏകദൈവ വിശ്വാസത്തിന്നെതിരാണ്. ത്രിത്വത്തെ സംബന്ധിച്ച് യാതൊരു പരാമർശവും പഴയ നിയമത്തിലോ പുതിയ നിയമത്തിലോ നമുക്ക് കാണാൻ കഴിയുന്നില്ല.

ബൈബിൾ പഠിപ്പിച്ച ദൈവവിശ്വാസം നമുക്ക് ബൈബിളിൽ നിന്നുതന്നെ മനസ്സിലാക്കാം.

പഴയനിയമം ഉൽപ്പത്തിയിൽ ഇങ്ങിനെ കാണാം.

''കർത്താവ് പറഞ്ഞു: ഞാനാണ് സർവ്വശക്തനായ ദൈവം നീ എൻെറ മുമ്പാകെ നടക്കുക'' (ഉൽപ്പത്തി 17 : 1).

ഫരിസേയരിലെ ഒരു നിയമജ്ഞൻെറ, എല്ലാററിലും പ്രധാനപ്പെട്ട കൽപ്പന ഏതാകുന്നു എന്നചോദ്യത്തിന് യേശു പറഞ്ഞ മറുപടി കാണുക: '' ഇതാണ് ഒന്നാമത്തെ കൽപ്പന ഇസ്രായീലേ കേൾക്കുക നമ്മുടെ ദൈവമായ കർത്താവത്രെ ഏക കർത്താവ്. നിൻെറ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണ ശക്തിയോടുംകൂടി നീ സ്നേഹിക്കുക'' (മാർക്കോസ് 12: 29, 30).

''ഞാനാണ് ദൈവം മറെറാരു ദൈവവുമില്ല, ഞാനാണ് ദൈവം എന്നെപ്പോലെ ആരുമില്ല, ആദിമുതലേ ഞാൻ അന്ത്യം പ്രവചി

ച്ചു, പുരാതനകാലം മുതലേ സംഭവിക്കാനിരിക്കുന്നവ പ്രവചിച്ചു'' (യശയ്യാ 46: 9, 10)

യേശു ഒരിക്കലും ദൈവത്തിൻെറ പ്രതിമകളുണ്ടാക്കാൻ പഠിപ്പിച്ചിട്ടില്ല, ഇന്ന് ചർച്ചുകളിലെല്ലാം പ്രതിമകളും ഫോട്ടോകളും ആരാധിക്കപ്പെടുന്നു !

'' മുകളിൽ സ്വർഗ്ഗത്തിലോ, താഴെ ഭൂമിയിലോ, ഭൂമിക്കടിയിൽ വെള്ളത്തിലോ ഉള്ള ഒന്നിൻേറയും ബിംബങ്ങൾ നിങ്ങളുണ്ടാക്കരുത്' (പുറപ്പാട് 20: 4).

കർത്താവായ ദൈവത്തെമാത്രം വിളിച്ചു പ്രാർത്ഥിക്കാൻ പഠിപ്പിച്ച യേശുവിൻെറ സന്ദേശങ്ങൾ കയ്യൊഴിച്ച് യേശുവിനോട് തന്നെ പ്രാർത്ഥിക്കുന്നത് എന്തൊരു വിരോധാഭാസം !? യേശുവാകട്ടെ ദൈവത്തോടുമാത്രം പ്രാർത്ഥിക്കുകയും തന്നോട് പ്രാർത്ഥിക്കുന്നതിനെ ശക്തിയുക്തം എതിർക്കുകയും ചെയ്തതായിട്ടാണ് നമുക്ക് ബൈബിളിൽ കാണാൻ കഴിയുന്നത്.
''സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട്ചോദിക്കുന്നവർക്ക് എത്രയോ നന്മ നൽകുന്നതാണ്'' (മത്തായി 7: 11).

യേശു മരക്കുരിശിൽ വെച്ച് പ്രാർത്ഥിച്ചത് മത്തായിയടെ സുവിശേഷത്തിൽ നമുക്ക് ഇങ്ങിനെ കണ്ടെത്താവുന്നതാണ്; ''എൻെറ പിതാവേ സാധ്യമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നകന്ന് പോകട്ടെ. എങ്കിലും എൻെറ ഹിതം പോലെയല്ല, അവിടുത്തെ ഹിതം പോലെയാകട്ടെ'' (മത്തായി 26: 39).

യേശു പറയുന്നത് കാണുക: '' എന്നെ കർത്താവേ കർത്താവേ എന്ന് വിളിക്കുന്നവൻ ഏവനുമല്ല. സ്വർഗ്ഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക'' (മത്തായി 7: 21).

ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന കാണുക: '' സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ രാജ്യം പൂജിതമാകേണമേ. അങ്ങയുടെ രാജ്യം വരേണമേ. അങ്ങയുടെ ഹിതം സ്വർഗ്ഗത്തി

ലേത്പോലെ ഭൂമിയിലുമാകേണമേ, അന്നന്നുവേണ്ട ആഹാരം അന്നന്നു ഞങ്ങൾക്കു നൽകേണമേ, ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചപോലെ ഞങ്ങളുടെ കടങ്ങളോടും ക്ഷമിക്കേണമേ, ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, തിന്മയിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ'' (മത്തായി 6: 10..13).

ബൈബിളിൽ ദൈവത്തെ പിതാവ് എന്ന് പരിചയപ്പെടുത്തുന്നത് സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവൻ എന്ന അർത്ഥത്തിൽ മാത്രമാണ്. അപ്രകാരം തന്നെ യേശുവിനെ പുത്രൻ എന്ന് പ്രയോഗിച്ചിട്ടുള്ളത് ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ എന്ന അർത്ഥത്തിലുമാണ്. അതൊരിക്കലും ത്രിത്വത്തിനുള്ള തെളിവാക്കാവതല്ല; കാരണം ബൈബിളിൽ തന്നെ മററു പ്രവാചകൻമാരേയും ദൈവപുത്രൻ എന്ന് വിശേഷിപ്പിച്ചത് കാണാൻ കഴിയും.

''ഇസ്രായീൽ എൻെറ ആദ്യജാതൻ അത്രെ'' (പുറപ്പാട് 4: 22).

''ഞാൻ അയാൾക്ക് (സോളമന്ന്) പിതാവും അയാൾ എനിക്ക് പുത്രനുമാകുന്നു'' (ശാമുവേൽ 7: 14).

ഈ വാക്കുകൾ മുഖേനെ അവരെയെല്ലാം ദൈവത്തിൻെറ മക്കളെന്ന് കരുതി ദിവ്യത്വം നൽകാൻ ഒരുങ്ങിയാൽ മനുഷ്യർ മുഴുവനും ആരാധിക്കപ്പെടേണ്ടതായിവരും. കാരണം ദൈവത്തെ അനുസരിച്ച് ജീവിക്കുന്നവരെല്ലാം ദൈവത്തിൻെറ മക്കളാണ് എന്ന് വിശേഷിപ്പിക്കപ്പെട്ട സ്ഥലവും ബൈബിളിൽ കാണാൻ കഴിയും. (ഉദാ: റോമർ 8:14 ).

സുഹൃത്തെ താങ്കൾ യേശുവിനേയും യേശുകൊണ്ടുവന്ന തത്വത്തേയും സ്നേഹിക്കുന്ന വ്യക്തിയാണ് എങ്കിൽ, ഏകനായ ദൈവത്തെ മാത്രം ആരാധിക്കണമെന്ന് പഠിപ്പിച്ച യേശുവിൻെറ തന്നെ സന്ദേശത്തിലേക്കാണ് ഇസ്ലാമും നിങ്ങളെ ക്ഷെണിക്കുന്നത്; അതെ യേശു പ്രാർത്ഥിച്ച ദൈവത്തോടു പ്രാർത്ഥിക്കുക, യേശുവിൻെറ സന്ദേശം പഠിക്കുക, അതുൾക്കൊള്ളുക, നിത്യസമാധാനം നിറഞ്ഞ സ്വർഗ്ഗരാജ്യം നേടാൻ തെയ്യാറാവുക. അതുമാത്രമാണ് അതിനുള്ള മാർഗ്ഗം.

ആറ്

# മഹാനായ പ്രവാചകൻ

‘‘(പ്രവാചകരേ) താങ്കളെ നാം മനുഷ്യർക്കാകമാനം സന്തോഷ വാർത്ത അറിയിക്കുന്നവനും താക്കീതുനൽകുന്നവനു മായി ക്കൊണ്ടാണ് അയച്ചിട്ടുള്ളത്, പക്ഷേ മനുഷ്യരിൽ അധിക പേരും അത് അറിയുന്നില്ല’’ (ഖുർആൻ 33: 28).

ദൈവസമർപ്പണ മതത്തിൻെറ പൂർത്തീകരണത്തിനായി, നോ ഹയുടേയും അബ്രഹാമിൻെറയും മോശയുടേയും യേശുവി ൻേറയും മറെറല്ലാ ദൈവദൂതന്മാരായ മതാചാര്യന്മാരുടേയും പിൻഗാമിയായി, മുഴുവൻ മനുഷ്യരിലേക്കുമായി പ്രപഞ്ച നാഥൻ നിയോഗിച്ച ദൂതനത്രെ മുഹമ്മദ് നബി (സ). അദ്ദേഹം ക്രിസ്താബ്ദം ആറാം നൂററാണ്ടിൻെറ രണ്ടാം പകുതിയിൽ അറേബ്യയിൽ മക്കായിൽ അബ്ദുല്ല–ആമിന ദമ്പതിമാരുടെ മകനായി ജനിച്ചു. ചെറുപ്പത്തിൽ തന്നെ അനാഥനായിട്ടാണ് വളർന്നതെങ്കിലും അക്കാലത്തെ അദ്ദേഹത്തിൻെറ സമപ്രാ യക്കാരിലൊന്നും കാണാത്ത, മഹത്തായ സ്വഭാവത്താൽ അ ദ്ദേഹം പ്രത്യേകം ശ്രദ്ധിക്കപ്പെടുകയും വിശ്വസ്തൻ എന്നർ ത്ഥം വരുന്ന **അൽഅമീൻ** എന്ന പേരിൽ അദ്ദേഹം പ്രശസ്ത നായിത്തീരുകയും ചെയ്തു.

ബാല്യത്തിൽ ആടുകളെ മേച്ചും യൗവ്വനത്തിൽ തൻെറ പി തൃവ്യൻെറയും പിന്നീട് അക്കാലത്തെ പ്രമുഖ വർത്തകയും സമ്പന്നയുമായിരുന്ന ഖദീജ (റ) ടേയും കച്ചവടസംഘത്തിൽ ജോലി ചെയ്തുമാണ് അദ്ദേഹം ജീവിതം നയിച്ചിട്ടുള്ളത്. വള രെകുറഞ്ഞ കാലംകൊണ്ട് തൻെറ കച്ചവടത്തിലുണ്ടായ അന ൽപ്പമായ പുരോഗതിയും, മുഹമ്മദിൻെറ സത്യസന്ധതയും, കാര്യബോധവുമെല്ലാം കണക്കിലെടുത്ത് മുഹമ്മദിനെ തൻെറ ജീവിതപങ്കാളിയായി കിട്ടിയാൽ നന്നായിരുന്നു എന്ന് ഖദീജ (റ) ആഗ്രഹിക്കുകയും അങ്ങിനെ അദ്ദേഹത്തിൻെറ പിതൃവ്യ നെ ഇക്കാര്യം അറിയിക്കുകയും, ഇരു കുടുംബത്തിൻേറയും

സഹകരണത്തോടെ തൻെറ ഇരുപത്തഞ്ചാമത്തെവയസ്സിൽ അദ്ദേഹം ഖദീജ(റ)യെ വിവാഹംകഴിക്കുകയും ചെയ്തു. നാൽപ്പത് വയസ്സ് പ്രായമെത്തിയ വിധവയായിരുന്നു അന്ന് ഖദീജ(റ). നീണ്ട ഇരുപത്തഞ്ച് വർഷത്തെ സംതൃപ്ത്തി നിറഞ്ഞ മാതൃകാപരമായ അവരുടെ ദാമ്പത്യജീവിതത്തിൽ ആറ് സന്തതികൾ ജനിക്കുകയുണ്ടായി. രണ്ട് ആണും നാല് പെണ്ണും, ആൺകുട്ടികൾ രണ്ടും ചെറുപ്രയത്തിൽ തന്നെ മരണപ്പെട്ടു. തൻെറ അമ്പതാം വയസ്സിൽ ഖദീജ(റ) മരണപ്പെടുന്നത് വരെ അദ്ദേഹം വേറെ വിവാഹം കഴിച്ചിട്ടില്ല.

അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്ന വിഗ്രഹാരാധന, മദ്യപാനം തുടങ്ങിയ ദുരാചാരങ്ങളിൽ നിന്നും വൃത്തികേടുകളിൽ നിന്നും അദ്ദേഹം വിട്ടുനിൽക്കുകയും അവയോടുള്ള തൻെറ മനസ്സിൻെറ വിരക്തി കാരണത്താൽ അദ്ദേഹം ഏകാന്തവാസം ഇഷ്ടപ്പെടുകയും അതിന്നായി മക്കയുടെ പരിസരത്തുള്ള പർവ്വതമായ ജബലുന്നൂരിലെ ഹിറാഅ് ഗുഹ തിരഞ്ഞെടുക്കുകയും ചെയ്തു. തൻെറ ഏകാന്തവാസത്തിനിടയിൽ ഒരു നാൾ തൻെറ നാൽപ്പതാം വയസ്സിൽ തൻെറ മുന്നിൽ ദൈവത്തിൻെറ മാലാഖയായ ജിബ്രീൽ പ്രത്യക്ഷപ്പെട്ട് വിശുദ്ധ ഖുർആനിലെ അലഖ് എന്ന 96ാം അദ്ധ്യായത്തിൻെറ തുടക്കം ഇപ്രകാരം അദ്ദേഹത്തിനോതിക്കൊടുത്തു. ''നിന്നെ സൃഷ്ടിച്ച, നിൻെറ രക്ഷിതാവിൻെറ നാമത്തിൽ നീ വായിക്കുക, അവൻ മനുഷ്യനെ ഭ്രൂണത്തിൽ നിന്നും സൃഷ്ടിച്ചവനാണ്. വായിക്കുക പേനകൊണ്ട് എഴുതാൻപഠിപ്പിച്ച അത്യുദാരനാണ് നിൻെറ രക്ഷിതാവ്. മനുഷ്യന് അവനറിയാത്ത (പലതും) അവൻ പഠിപ്പിച്ചുകൊടുത്തു'' (അൽഅലഖ് 1..5). അതായിരുന്നു തൻെറ പ്രവാചകത്വത്തിൻെറ തുടക്കവും. പിന്നീട് തൻെറ മുഖ്യ ദൗത്യമായ എല്ലാം സൃഷ്ടിച്ച ഏകനായ ദൈവം അവൻ മാത്രമാണ് ആരാധനകൾക്കർഹൻ, താൻ ദൈവത്താൽ നിയോഗിക്കപ്പെട്ട അവസാനത്തെ പ്രവാചകനാണ്. മരണം അത് ജീവിതത്തിൻെറ അവസാനമല്ല, അത് യഥാർത്ഥ ജീവിതത്തിൻെറ തുടക്കമാണ്, ശാശ്വതമായ മരണാനന്തര ജീവിതത്തിലെ മോക്ഷത്തിന് ഏ

കനായ ദൈവത്തെ മാത്രം ആരാധിക്കുകയും അവനിൽ ഒന്നിനേയും പങ്ക്ചേർക്കാതിരിക്കുയും, പ്രവാചകനായ എന്നെ പിൻപററുകയും ചെയ്യുക എന്നത് മാത്രമാണ് കരണീയമായിട്ടുള്ളത്. എന്നീ അടിസ്ഥാന തത്വങ്ങൾ അദ്ദേഹം പ്രബോധനം ചെയ്തു. അതോടുകൂടി അത്വരെ വിശ്വസ്തൻ എന്ന് വിളിച്ച് ആദരിച്ചിരുന്ന ജനങ്ങളിൽ ഭൂരിഭാഗവും അദ്ദേഹത്തെയും അദ്ദേഹത്തിൽ വിശ്വസിച്ചവരേയും ക്രൂരമായി മർദ്ദിക്കുകയും വധിക്കാൻവരെ ഗൂഢാലോചന നടത്തുകയും ചെയ്തു. സമൂഹത്തിൽ നിന്നും ഒററപ്പെടുത്തപ്പെട്ടു. പച്ചിലകൾ മാത്രം തിന്നുകൊണ്ട് നീണ്ട നാളുകൾ തന്നെ കഴിച്ചുകൂട്ടേണ്ടിവന്നു. അവസാനം സത്യമത പ്രബോധനത്തിന്നും അതിൻെറ സംരക്ഷണത്തിന്നും വേണ്ടി, ജനിച്ചുവളർന്ന വീടും നാടും വിട്ട് മദീനയിലേക്ക് പാലായനം ചെയ്തു.

മദീനയിലും സ്വൈര്യജീവിതം ലഭ്യമല്ലാതിരുന്നപ്പോൾ വിശ്വാസ സംരക്ഷണത്തിന്നുവേണ്ടി യുദ്ധങ്ങൾ തന്നെ നടത്തേണ്ടതായിവന്നു. അവസാനം തൻെറ പ്രധാന പ്രതിയോഗികളെല്ലാം തനിക്ക് കീഴൊതുങ്ങുകയും സത്യം വിജയിക്കുകയും അറേബ്യൻ ഉപദ്വീപ് മുഴുവൻ ഇസ്ലാം വ്യാപിക്കുകയും, ദൈവത്തിൻെറ പ്രഖ്യാപനം പുലരുകയും ചെയ്തു. '' അവർ ദൈവീക പ്രകാശത്തെ വായകൊണ്ട് ഊതിക്കെടുത്താൻ ശ്രമിക്കുന്നു എന്നാൽ അല്ലാഹു അവൻെറ പ്രകാശം പൂർത്തീകരിക്കുക തന്നെ ചെയ്യും സത്യനിഷേധികൾ അത് വെറുത്താലും ശരി'' (ഖുർആൻ 61 : 8).

നാൽപ്പതാമത്തെ വയസ്സിൽ തനിക്ക് ദൈവീക സന്ദേശം ലഭിച്ച് അറുപത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം മരണപ്പെടുന്നതിന്ന് ഇടയിലെ വളരെചുരുങ്ങിയ, കേവലം ഇരുപത്തിമൂന്ന് വർഷം കൊണ്ട് താൻ കൊണ്ടുവന്ന ആദർശം നൂറ്ശതമാനവും പ്രാവർത്തികമാക്കി കാണിച്ചുകൊടുക്കുകയും അതനുസരിച്ച് ജീവിക്കുന്ന, മാതൃകായോഗ്യരായ ഒരു സമൂഹത്തെ അദ്ദേഹം വളർത്തിയെടുക്കുകയും ചെയ്തു. ഇത് മറെറാരാൾ

ക്കും കഴിഞ്ഞിട്ടില്ല എന്ന് മുസ്ലിംകളല്ലാത്തവർ പോലും വ്യക്തമാക്കിയിട്ടുള്ളതാണ്. ഉദാഹരണമായി അമേരിക്കൻ ചരിത്ര ഗവേഷകനും ക്രിസ്തുമതവിശ്വാസിയുമായ മൈക്കിൾ എച്ച്ഹാർട്ട് രചിച്ച The Hundred (**100**) (A Ranking of the most influential persons in history) എന്ന ഗ്രന്ഥം തന്നെ മതിയായ തെളിവാണ്. ഗ്രന്ഥകർത്താവ് പ്രസ്തുതഗ്രന്ഥത്തിൽ ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള പ്രശസ്തരായ നൂറ് വ്യക്തികളെ തിരഞ്ഞെടുത്ത് അവരെക്കുറിച്ച് പഠനംനടത്തി അവരോരുത്തരും സമൂഹത്തിൽ ചെലുത്തിയ സ്വാധീനവും മഹത്വവും പരിഗണിച്ച് അവരർഹിക്കുന്ന ഗ്രേഡുകൾ നൽകിയാണ് ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അവരിൽ താൻ ദൈവപുത്രൻ എന്നപദവികൊടുത്തു ആദരിച്ചാരാധിക്കുന്ന യേശുക്രിസ്തുവടക്കമുള്ള പ്രവാചകന്മാർ, തത്വചിന്തകർ, ഭരണാധിപർ, ഇതിഹാസ പുരുഷന്മാർ, ശാസ്ത്രജ്ഞൻമാർ എന്നിങ്ങനെ വിവിധ മൺഡലങ്ങളിൽ ശോഭിച്ചു നിൽക്കുന്നവരുണ്ട്; എന്നാൽ അവരിൽ ഒന്നാംസ്ഥാനം നൽകപ്പെട്ടിരിക്കുന്നത് മഹാനായ മുഹമ്മദ് എന്ന പ്രവാചകന്നാണ്. കാരണം അദ്ദേഹം ചരിത്രസത്യങ്ങളെ സത്യസന്ധമായി രേഖപ്പെടുത്തി എന്നത് തന്നെ.

അദ്ദേഹം സൃഷ്ടിച്ച വിപ്ലവം ലോകത്ത് ഒരു നേതാവിന്നും അദ്ദേഹത്തിന് മുമ്പും ശേഷവും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. അദ്ദേഹം, തമ്മിൽ കലഹിച്ച് നൂററാണ്ടുകളോളം യുദ്ധം ചെയ്തു കഴിഞ്ഞിരുന്നവരെ മിത്രങ്ങളും സുഹൃത്തുക്കളുമാക്കി മാററി. സംസ്കാരശൂന്യരായി കഴിഞ്ഞിരുന്നവരെ ലോകത്തിലറിയപ്പെടുന്ന മുഴുവൻ സംസ്കാരങ്ങളേയും വെല്ലുന്ന സംസ്കാര സമ്പന്നരാക്കി. നിരക്ഷരരായിരുന്നവരെ ലോകത്തിന് മുഴുവൻ വെളിച്ചം വിതറുന്ന വിജ്ഞാന മൺഡത്തിലെ അതികായകൻമാരാക്കി മാററി. എന്നാൽ ഇതൊന്നും തന്നെ അദ്ദേഹം തൻെറ കഴിവാണെന്ന് ഒരിക്കലും അവകാശപ്പെട്ടില്ല മറിച്ച് ഞാൻ എൻെറ നാഥൻെറ സന്ദേശങ്ങൾ പിന്തുടരുക മാത്രമാണ് ചെയ്യുന്നത്, അവൻ എന്നെ മാനവസമൂഹത്തിന്ന്

മാതൃകയായി നിയോഗിച്ചിരിക്കുന്നു. അത്കൊണ്ട് നിങ്ങൾ എന്നെ അനുകരിച്ചായിരിക്കണം ജീവിക്കേണ്ടത് എങ്കിൽ മാത്രമേ നിങ്ങൾ വിജയിക്കുകയുള്ളൂ. ഇതായിരുന്നു അദ്ദേഹം ജനങ്ങളോടാവശ്യപ്പെട്ടത്. അത്കൊണ്ട് തന്നെ കറപുരളാത്ത ആ മഹാവ്യക്തിത്വത്തെ പിൻപററി ജീവിക്കലാണ് നമുക്കും മോക്ഷം നേടാനുള്ള ഏകമാർഗ്ഗം. ഇക്കാര്യം മുമ്പ് കഴിഞ്ഞു പോയ ദൈവദൂതന്മാരും മഹർഷിമാരും ആചാര്യന്മാരുമെല്ലാം മുന്നറിയിപ്പ് നൽകുകയും അദ്ദേഹത്തിൻെറ നിയോഗമനത്തെ സംബന്ധിച്ച് സുവിശേഷമറിയിക്കുകയും ചെയ്തിട്ടുള്ളത് പൂർവ്വവേദങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കുകയും ചെയ്യാം.

**നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുന്നതിലല്ല പുണ്യം. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും, മലക്കുകളിലും, വേദഗ്രന്ഥത്തിലും, പ്രവാചകന്മാരിലും വിശ്വസിക്കുകയും , സ്വത്തിനോടു പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും , അനാഥകൾക്കും, അഗതികൾക്കും, വഴിപോക്കനും, ചോദിച്ചുവരുന്നവർക്കും, അടിമമോചനത്തിനും നൽകുകയും, നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുകയും, സക്കാത്ത് നൽകുകയും, കരാറിലേർപ്പെട്ടാൽ അതു നിറവേററുകയും, വിശമതകളും ദുരിതങ്ങളും നേരിടുമ്പോഴും, യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാന്മാർ. അവർതന്നെയാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ. (ഖുർആൻ 2/ 177).**

## ഏഴ്
# മുഹമ്മദ് നബി ഹൈന്ദവ ഗ്രന്ഥങ്ങളിൽ

ലോകത്ത് അറിയപ്പെടുന്ന മതഗ്രന്ഥങ്ങളിലെല്ലാം മുൻ കഴിഞ്ഞുപോയ മതാചാര്യൻമാരും മഹർഷിമാരും തങ്ങളിലർപ്പിതമായ ദൗത്യത്തിൻറ ഭാഗമായി അവസാനകാലത്ത് വരാനിരിക്കുന്ന ഒരു പ്രവാചകനെക്കുറിച്ചും അദ്ദേഹത്തെ തിരിച്ചറിയാനുള്ള അടയാളങ്ങളെ സംബന്ധിച്ചും പ്രവചനം നടത്തിയതായി കാണാൻ കഴിയും. അവയത്രയും തന്നെ മുഹമ്മദ് നബിയുടെ ജീവിതവുമായി ബന്ധപ്പെട്ട് നൂറ് ശതമാനം പുലർന്നിട്ടുള്ളതായും നിഷ്പക്ഷമായി ചിന്തിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്നതുമാണ്.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു:

**അഥർവ്വ വേദം : (കുന്തപ സൂക്തം).**

ഇദംജനാ ഉപശ്രുത നരാശംസ സ്തവിഷ്യതേ
ഷഷ്ടിം സഹസ്രാ നവതിം ചശൗരമ അരുഷ മേഷ്ഠ ദ്മഹേ
ഉഷ്ടായസ്യ പ്രവാഹിണോ വധൂമന്തോ ദ്വിർദശ
വർഷ്മാരഥസ്യ നിജിഹീസതേ ദിവഈഷമാണോ ഉപാപൃശ:
ഏഷാ ഋഷയേ മാമഹേശതം നിശ്കാൻ ദശസ്രജ:
ത്രിണി ശതാന്യർവതാം സഹസ്രാദശ ഗ്ലോനാം
(അഥർവ്വവേദം, വിംശകാകാൺഡം, സൂക്തം27, ശ്ലോകം 1..3)

‘‘ അല്ലയോ ജനങ്ങളേ നിങ്ങൾ ബഹുമാനപുരസ്സരം ശ്രദ്ധിക്കുക, സ്തുത്യർഹനായവൻ വാഴ്ത്തപ്പെടും, അറുപതിനായിരത്തി തൊണ്ണൂറ് ശത്രുക്കളുടെ മദ്ധ്യത്തിൽ നിന്നും നാം അവനെ സ്വീകരിക്കും, അദ്ദേഹത്തിൻെറ വാഹനം ഇരുപത് ആൺ പെൺ ഒട്ടകങ്ങളായിരിക്കും, അദ്ദേഹത്തിൻെറ മഹത്വം സ്വർഗ്ഗലോകം വരെയെത്തി അതിനെ താഴ്ത്തും, അവൻ മാമാ ഋഷിക്ക് പത്ത് ചതുരങ്ങളും നൂറ് സ്വർണ്ണനാണയങ്ങളും മുന്നൂറ് അറബിക്കുതിരകളും പതിനായിരം പശുക്കളും നൽകുന്നതാണ്’’.

അഥർവ്വ വേദത്തിലെ മേൽകൊടുത്തിട്ടുള്ള സൂക്തങ്ങൾ മുഹമ്മദ് നബിയെ സംബന്ധിച്ചുള്ളതാണെന്നതിന്ന് താഴെപറയുന്ന വസ്തുതകൾ തെളിവായി കണ്ടെത്താനാവും.

**1,** ഈ സുക്തം വ്യക്തമായ ഒരു പ്രവചനമാണ്. (***ഇദം ജനാ ഉപശ്രുതാ***) അല്ലയോ ജനങ്ങളേ നിങ്ങൾ ബഹുമാനപുരസ്സരം ശ്രദ്ധിക്കുക, എന്ന് പറഞ്ഞുകൊണ്ടാണിതു തുടങ്ങുന്നത്. ചതുർവേദങ്ങളിൽ എവിടേയും ജനങ്ങളേ എന്നു വിളിച്ചു കൊണ്ടുള്ള മറെറാരു കാര്യവും പറഞ്ഞതായി കാണുന്നില്ല. അത് കൊണ്ടുതന്നെ ഇത് മുഴുവൻ ജനങ്ങളും അറിയൽ ആവശ്യമായ ഒരു പ്രവചനമാകുന്നു.

**2,** ഇതിൽ സ്തുതിക്കപ്പെടുന്നവൻ എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളത് ***നരാശംസ*** എന്ന പദമാണ്, മുഹമ്മദ് എന്ന പദത്തിൻെറ അർത്ഥവും സ്തുതിക്കപ്പെടുന്നവൻ എന്നതാണ്.

**3,** ***നരാശംസ സ്തവിഷ്യതേ*** ലോകത്ത് സ്തുതിക്കപ്പെടുന്നവൻ വാഴ്ത്തപ്പെടും: ലോകത്ത് മുഹമ്മദ് എന്നപേര് എല്ലായിടത്തും ഉറക്കെവിളിച്ചു പറയപ്പെടുന്നു. കൂടാതെ ലോകംകണ്ട ഏററവും ഉന്നതനായ മനുഷ്യനായി മുഹമ്മദ്നബി പുകഴ്ത്തപ്പെടുന്നു.

**4,** അറുപതിനായിരത്തി തൊണ്ണൂറ് ശത്രുക്കളെ സംബനിധിച്ച് പറയപ്പെട്ടത് മുഹമ്മദ്നബി നിയോഗിക്കപ്പെട്ട കാലത്തെ മക്കയിലെ ജനസംഖ്യയെ സൂചിപ്പിക്കുന്നു, അവരധികവും ശത്രുക്കളുമായിരുന്നു എന്നതും സത്യമാണ്.

**5,** ഒന്നാം സൂക്തത്തിൽ ***നരാശംസ*** വിശേഷിപ്പിച്ചിട്ടുള്ള പദമായ ***കൗരമ*** സമാധാനത്തെ പ്രോത്സാഹിപ്പിക്കുന്നവൻ എന്ന അർത്ഥത്തെ കുറിക്കുന്നു. സമാധാനം എന്ന അർത്ഥത്തെ സൂചിപ്പിക്കുന്ന അറബി പദമാണ് ഇസ്ലാം എന്നതും, അപ്പോൾ ഇസ്ലാം പ്രബോധനം ചെയ്യുന്നവൻ എന്ന് സാരം.

**6,** ***വധൂമന്തോ ദിർദശ*** അദ്ദേഹത്തേയും ഭാര്യമാരേയും ഒട്ടകം പൂട്ടിയതായ രഥം വഹിക്കുന്നതാണ്, അതല്ലങ്കിൽ അദ്ദേഹത്തെ ഒട്ടകവും ഇണയും രഥത്തിൽ വഹിക്കുന്നതാണ്. മുഹമ്മദ് നബിയുടെ പ്രധാന വാഹനം ഒട്ടകമായിരുന്നുവല്ലൊ. തന്നെയുമല്ല ഹിന്ദുക്കൾ ഒട്ടകപ്പുറത്തും കഴുതപ്പുറത്തും യാത്ര ചെയ്യുന്നത് നിഷിദ്ധമായിട്ടായിരുന്നു അക്കാലത്ത് കരുതിയിരുന്നത് (മനുസ്മൃതി 11:201).

**7,** മൂന്നാം ശ്ലോകത്തിൽ ***മാമാഋഷി*** എന്നാണ് വരാനിരിക്കുന്ന ആചാര്യൻെറ പേര് പറഞ്ഞിരിക്കുന്നത്. ഈപേരിൽ ഒരു മഹർഷി ഭാരതീയ പുരാണങ്ങളിലൊന്നും പരാമർശിക്കപ്പെട്ടു കാണുന്നില്ല, തന്നയുമല്ല ഇത് മുഹമ്മദ് എന്നപദത്തിനോട് സാമ്യതയുള്ള വാക്കാണ് താനും.

**8,** മാമാഋഷിക്ക് പത്ത് ചതുരങ്ങൾ നൽകപ്പെടുന്നതാണ്. മുഹമ്മദ്നബി തൻെറ ഏററവും അടുത്ത പത്ത് അനുചരന്മാരെ സ്വർഗ്ഗം കൊണ്ട് സന്തോഷമറിയിക്കപ്പെട്ടവരായി പ്രവചിച്ചതും പ്രസിദ്ധമാണ്.

**9,** അദ്ദേഹത്തിന്ന് നൂറ് സ്വർണ്ണനാണയങ്ങൾ നൽകപ്പെടും. ഇത് മുഹമ്മദ് നബിയിൽ വിശ്വസിച്ച കാരണത്താൽ പീഡനങ്ങളും പ്രയാസങ്ങളും അനുഭവിച്ച് അവയെല്ലാം അതിജീവിച്ച് അബ്സീനിയയിലേക്ക് പാലായനംചെയ്ത നൂറ്പേരെ സൂചിപ്പിക്കുന്നതാകാം. ആത്മീയശക്തിയെ സൂചിപ്പിച്ച് സ്വർണ്ണമെന്ന പദം ഭാരതീയ സാഹിത്യത്തിൽ കാണാവുന്നതാണ്.

**10,** മുന്നൂറ് അറബിക്കുതിരകളേയും നൽകുമെന്ന് പറയുന്നു. ഇത് മുഹമ്മദ്നബിയുടെ ചരിത്രത്തിലെ ഏററവും പ്രധാന സംഭവവും ഒന്നാമത്തെ യുദ്ധവുമായ ബദർ യുദ്ധത്തിൽ പങ്കെടുത്ത യോദ്ധാക്കളെ സൂചിപ്പിക്കുന്നു. മുന്നൂററിപതിമൂന്ന് പേർ യുദ്ധത്തിന്നായി പുറപ്പെട്ടുവെങ്കിലും അവിചാരിതമായ കാരണത്താൽ എട്ടുപേർക്ക് യുദ്ധത്തിൽ പങ്കെടുക്കാനായില്ല, ഒരാൾ യുദ്ധം ആരംഭിക്കുന്നതിന്ന് മുമ്പ്തന്നെ കൊല്ലപ്പെട്ടതും, നാലു

കുട്ടികളേയും കഴിച്ചാൽ ബാക്കിഎണ്ണം കൃത്യം മുന്നൂറ് തന്നെയായിരുന്നു.

**11,** അവസാനം പതിനായിരം പശുക്കളെ സംബന്ധിച്ച് പറയുന്നു. ഇത് മുഹമ്മദ് നബിയുടെ മക്കാവിജയ സമയത്തെ അനുയായികളെ സൂചിപ്പിക്കുന്നു, നബിയോടൊത്ത് മക്കാ വിജയ സമയത്ത് പതിനായിരം ആളുകളായിരുന്നു പുറപ്പെട്ടിരുന്നത്.

ഇതിനെല്ലാം പുറമെ കുന്തപം എന്ന പദത്തിന്ന് ഉദരം എന്നും അർത്ഥമുള്ളതായി കാണുന്നു. മക്കായെന്ന പദത്തിന്നും ഉദരം എന്ന അർത്ഥം കാണപ്പെടുന്നു. അപ്പോൾ മേൽപറഞ്ഞ സൂക്തത്തെ മുഹമ്മദ് നബിയെ സംബന്ധിച്ച് പ്രവചിക്കപ്പെട്ട മക്കാസൂക്തം എന്ന് പറയാവുന്നതാണ്.

## ഭവിഷ്യൽ പുരാണം :

ഹൈന്ദവ പുരാണങ്ങളിലെ ഭാവികാര്യങ്ങളെ സംബന്ധിച്ച പ്രവചനങ്ങൾ ഉൾക്കൊള്ളുന്ന ഭവിഷ്യൽ പുരാണത്തിൽ മുഹമ്മദ് നബിയെ  വ്യാസമഹർഷി പരിചയപ്പെടുത്തുന്നത് എത്ര വ്യക്തമായിട്ടാണെന്നത് കാണുക:

ഏതസ്മിന്നന്തരേ മ്ലേഛ ആചാര്യേണ സമന്വിത
മഹാമതാ ഇതിഖ്യാദ: ശിഷ്യശാഖാ സമന്വിതം
(ഭവിഷ്യൽ പുരാണം പ്രതിസർഗ പർവ്വം, 3ാം കാൺഡം, 3:5)

‘‘ അപ്പോൾ മഹാമദ് എന്നപേരിൽ വിദേശിയായ ഒരു ആചാര്യൻ തൻെറ ശിശ്യരുമൊത്ത് പ്രത്യക്ഷപ്പെടും’’

വരാനിരിക്കുന്ന ആചാര്യൻെറ അടയാളങ്ങൾ കൂടി മഹർഷി പറഞ്ഞു തരുന്നു:

ലിംഗഛേദി ശിഖാഹീന: ശ്മശ്രുധാരി സദുഷക
ഉച്ച്ലപീ സർവ്വഭക്ഷീ ഭവിഷ്യതി ജനമോം
വിനകൗശലം ച വശവസ്തോ ഷാം ഭക്ഷയാ മതാമാം
മുസലേനൈവ സംസ്കാര: കുശൈരി ഭവിഷ്യതി
തസ്മാൻ മുസ്ല വന്തോഹി ജാതയോ ധർമ്മ ദൂഷകാ:

ഇതിപൈശാച ദർമ്മശ്ച ഭവിഷ്യതി മയാകൃത:
(പ്രതിസർഗ്ഗപർവ്വം കാൺഡം മൂന്ന്, 3: 25..28)

‘‘ അദ്ദേഹത്തിൻെറ അനുയായികൾ ചേലാകർമ്മം ചെയ്യും, അവർ കുടുമവെക്കുകയില്ല, അവർ താടിവളർത്തും അവർ വിപ്ലവകാരികളും ജനങ്ങളോട് ഉച്ചത്തിൽ പ്രാർത്ഥിക്കുവാൻ ഉത്ഘോഷിക്കുന്നവരുമായിരിക്കും. അവർ പന്നിഒഴിച്ച് മററു മിക്ക മൃഗങ്ങളേയും ഭക്ഷിക്കും. അവർ സമരം ചെയ്തു പരിശുദ്ധരാകും, മതത്തെ മലിനപ്പെടുത്തുന്നവരുമായി യുദ്ധം ചെയ്യുന്നതാകയാൽ മുസലേനൈവർ (മുസ്ലിംകൾ) എന്നപേരിൽ അവർ അറിയപ്പെടും. ഈ മാംസബുക്കുകളുടെ ആവിർഭാവം എന്നിൽ നിന്നായിരിക്കും’’. വിശദീകരണമാവശ്യമില്ലാത്ത വിധം ഇതിലടങ്ങിയിട്ടുള്ള യാഥാർത്ഥ്യം ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണ്.

## സാമവേദം :

ചതുർവേദങ്ങളിലൊന്നായ സാമവേദത്തിൽ മുഹമ്മദ് നബിയുടെ മറെറാരു പേരായ അഹമ്മദ് ആകാൻ സാധ്യതയുള്ള വിധത്തിൽ വന്നിട്ടുള്ള വരികൾ ശ്രദ്ധിക്കുക:

അഹമിധി പിതു: പരിമേധാ മൃതസ്യജഗ്രഹ
അഹം സൂര്യ ഇവാജനി
(സാമവേദം, ഐന്ദ്രകാൺഡം ചതുർത്ഥഖൺഡം ശ്ലോകം:152)

‘‘ അഹ്മദിന്ന് പിതാവിൽനിന്ന് വേദജ്ഞാനം ലഭിച്ചു. ഈ വേദ ജ്ഞാനങ്ങളൊക്കെയും തത്വം നിറഞ്ഞതാണ്, സൂര്യനിൽ നിന്നെന്നപോലെ ഞാൻ അവനിൽ നിന്നും പ്രകാശം സ്വീകരിക്കും’’.

## കൽക്കി അവതാരം :

ദശാവതാര സിദ്ധാന്തപ്രകാരവും മഹാഭാഗവത തത്വപ്രകാരവും കലിയുഗത്തിൽ അവസാനത്തെ അവതാരമായി കൽക്കി അവതരിക്കുമെന്നുള്ളതാണ് ഹൈന്ദവ വിശ്വാസം. കൽക്കിയെ

ക്കുറിച്ച് ദശാവതാര ചരിത്രത്തിലെ ധ്യാനശ്ലോകത്തിലൂടെ വരച്ചു കാണിക്കുന്നത് സുകുമാർ അഴീക്കോട് തൻെറ തത്വവും മനുഷ്യനും എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്:

സ്വഛന്ദ പ്രോച്ഛലൻ മ്ലേഛ തിമിരോദ്ഭേദ സച്ഛവി
കൽക്കി വിഷ്ണു പ്രകാശായ പ്രഭാതാർക്ക ഇമാസ്തുവ

''നീരാന്ധമായ ഇരുളിൻെറ ചുരുളിൽ നിന്ന് വിശ്വത്തെ വിമോചിപ്പിക്കുന്ന പ്രഭാതാർക്കനെപ്പോലെ, മ്ലേഛദോഷം തീണ്ടാത്ത ശാന്തി സുന്ദരമായ ഒരു ലോകത്തിൻെറ ഉദയവുമായി കൽക്കി പ്രത്യക്ഷപ്പെടും.''

കൽക്കി പുരാണത്തിലും, വിഷ്ണു പുരാണത്തിലുമെല്ലാം സൂചിപ്പിക്കുന്ന അവസാനത്തെ അവതാരമായ കൽക്കിയുടെ സ്വഭാവങ്ങളായി പറയുന്ന പലതും മുഹമ്മദ് നബിയോട് യോജിക്കുന്നതായി നമുക്ക് കാണാൻ കഴിയും.

**1,** കൽക്കി അവസാനത്തെ അവതാരമാണ്, മുഹമ്മദ് നബി അവസാനത്തെ പ്രവാചകനാണ്.

**2,** കൽക്കി അവതരിക്കുക മരുഭൂമിയിലായിരിക്കും, മുഹമ്മദ് നബി മരുഭൂമിയിൽ നിയുക്തനായി.

**3,** കൽക്കിയുടെ പിതാവിൻെറപേര് വിഷ്ണു ഭഗത് (ദൈവദാസൻ) എന്നായിരിക്കും. മുഹമ്മദ് നബിയുടെ പിതാവിൻെറ പേര് ദൈവ ദാസൻ എന്ന് അർത്ഥമുള്ള അബ്ദുല്ല എന്നാണ്.

**4,** കൽക്കിയുടെ മാതാവിൻെറ പേര് വിശ്വസ്ത, ശാന്ത എന്നൊക്കെ അർത്ഥമുള്ള സുമതിയെന്നായിരിക്കും, മുഹമ്മദ് നബിയുടെ മാതാവിൻെറ പേരും വിശ്വസ്ത എന്നതിൻെറ അറബി പദമായ ആമിന എന്നാണ്.

**5,** കൽക്കി പരശുരാമനിൽ നിന്ന് മലയിൽ വെച്ച് വിദ്യ സ്വീകരിക്കും, മുഹമ്മദ്നബിക്ക് ആദ്യമായി ദിവ്യസന്ദേശം ലഭിച്ചത്

ജബ ലുന്നൂർ എന്ന പർവ്വതത്തിൽ വെച്ചാണ്.

**6,** കൽക്കി അദ്ദേഹത്തിൻെറ നാല് കൂട്ടുകാരുമൊത്ത് അധർമ്മത്തെ നശിപ്പിക്കും, മുഹമ്മദ് നബിക്കും തൻെറ പ്രബോധന കൃത്യങ്ങളിൽ സഹായിച്ച നാല് ഖലീഫമാർ പ്രസിദ്ധമാണ്.

**7,** കൽക്കി ആകാശാരോഹണം നടത്തുമെന്ന് പറഞ്ഞിരിക്കുന്നു. മുഹമ്മദ്നബിയും ആകാശാരോഹണം നടത്തി.

സഹോദരൻമാരേ മേൽ കൊടുത്ത വേദ പുരാണങ്ങൾ അനുസരിച്ച് ഹൈന്ദവധർമ്മത്തിൽ വിശ്വസിക്കുന്നവരുടെ ബാധ്യതയെന്ത് എന്ന് ചിന്തിക്കുക. ഹൈന്ദവത പൂർത്തീകരിക്കപ്പെടണമെങ്കിൽ ഹിന്ദുമതാചാര്യന്മാർ സൂചിപ്പിച്ച അവസാനത്തെ പ്രവാചകനായി നിയുക്തനായ, എല്ലാനിലക്കും അധർമ്മത്തേയും, അന്ധവിശ്വാസങ്ങളേയും, അനാചാരങ്ങളേയും തുടച്ചുനീക്കി ധർമ്മവും, സത്യവും നീതിയും ലോകത്തിന് പഠിപ്പിച്ച സമാധാന (ഇസ്ലാം) സന്ദേശവാഹകനായ മുഹമ്മദ് നബിയിൽ വിശ്വസിച്ച് അദ്ദേഹത്തെ അനുകരിച്ചേ മതിയാകൂ.

## എട്ട്
## ക്രൈസ്തവ ഗ്രന്ഥങ്ങളിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ

ബൈബിൾ പഴയ നിയമത്തിലും പുതിയ നിയമത്തിലുമെല്ലാം പറയപ്പെട്ട പ്രവാചകൻമാരെല്ലാം കാലദേശങ്ങളാൽ അതിർ വരമ്പുകൾ നിശ്ചയിക്കപ്പെട്ടവരായിരുന്നു. അവരെല്ലാവരും തങ്ങളിലർപ്പിതമായ കർത്തവ്യത്തിൻെറ ഭാഗമായി ഭാവിയിൽ നിയുക്തനാകാനിരിക്കുന്ന ഒരു മഹാപ്രവാചകനെക്കുറിച്ച് മുന്നറിയിപ്പ് നടത്തിയതായും അവരുടെ ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

### യാഖോബിൻെറ പ്രവചനം :

യാഖോബ് തൻെറ രോഗശയ്യയിൽ കിടക്കവേ തൻെറ പുത്രപൗത്രന്മാരെ വിളിച്ചുകൂട്ടി നടത്തിയ പ്രവചനം ശ്രദ്ധിക്കുക:

''അവകാശി വരുവോളം ചെങ്കോൽ യഹൂദരിൽ നിന്ന് ഒഴിഞ്ഞു പോകുകയില്ല; രാജദൺഢ് അയാളുടെ പാദങ്ങൾക്കിടയിൽനിന്ന് മാറുകയില്ല. ജനതകളുടെ വിധേയത്വം അയാളോടായിരിക്കും'' (ഉൽപ്പത്തി 49: 10).

ഈ പ്രവചനത്തിലെ ചെങ്കോൽ കൊണ്ട് വിവക്ഷിക്കുന്നത് പ്രവാചകത്വവും രാജദൺഢു കൊണ്ടുദ്ദേശിക്കുന്നത് അധികാരവുമാണ്. അതിൽ പറയുന്ന ***അവകാശി*** എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളത് ***ഷിലോഗ്*** എന്ന ഹിബ്രു പദത്തേയാണ്, ഈ പദത്തിന്ന് ദൂതൻ, അവകാശി, സമാധാനകാംക്ഷി (വിശ്വസ്തൻ) എന്നീ അർത്ഥങ്ങൾക്കാണ് സാധ്യതയുള്ളത്. ഇതിൽ ഏത് പ്രയോഗിച്ചാലും അത് മുഹമ്മദ് നബിയുമായി യോജി ക്കുന്നതായി കാണാം. തന്നെയുമല്ല യഹൂദരിൽനിന്ന് (ഇസ്രായീല്യരിൽനിന്ന്) അല്ലാതെ പ്രവാചകത്വവും അധികാരവും ലഭിച്ച ഏകവ്യക്തിയും, പ്രവാചകത്വത്തിന്ന് മുമ്പ്തന്നെ വിശ്വസ്തൻ എ

ന്ന് ശത്രുക്കൾപോലും അംഗീകരിച്ച വ്യക്തിയുമായിരുന്നു മുഹമ്മദ് നബി (സ).

## <u>മോശെ</u> <u>പ്രവാചകൻെറ</u> <u>പ്രവചനം</u> :

''അപ്പോൾ കർത്താവ് എന്നോട് അരുൾചെയ്തു അവർ പറ ഞ്ഞതെല്ലാം ശരിതന്നെ, നിന്നെപ്പോലുള്ള ഒരു പ്രവാചകനെ നാം അവരുടെ സഹോദരന്മാരിൽ നിന്നും അവർക്കായി ഉയർ ത്തും'' ( ആവർത്തനം 18 : 18)

ഇവിടെ വരാനിരിക്കുന്ന ഒരു പ്രവാചകനെക്കുറിച്ചുള്ള മുന്നറി യിപ്പാണ് നാം കാണുന്നത്. അദ്ദേഹം ഇസ്രായീല്യരിൽ നിന്നാ യിരിക്കുകയില്ല മറിച്ച് ഇസ്രായീല്യരുടെ സഹോദരൻമാരിൽ നിന്നായിരിക്കുമെന്നും അദ്ദേഹം മോശെയെപ്പോലുള്ള പ്രവാച കനായിരിക്കും എന്നുമാണ് നമുക്ക് ഇതിൽനിന്നും മനസ്സിലാ ക്കാൻ കഴിയുന്നത്. ഈ പ്രവചനം യേശുവിനെയാണ് സൂചി പ്പിക്കുന്നത് എന്ന് സ്ഥാപിക്കാനാണ് ക്രിസ്തീയ പുരോഹിത ന്മാർ ശ്രമിക്കുന്നത്. അതാകട്ടെ ഒരിക്കലും സത്യവുമായി ബ ന്ധപ്പെടുത്തുവാൻ അവർക്ക് സാധ്യമല്ല എന്ന് താഴെപറയുന്ന കാരണങ്ങളിലൂടെ മനസ്സി ലാക്കാവുന്നതാണ്.

**1,** മോശെപറഞ്ഞ പ്രവാചകൻ ഇസ്രായീല്യരിൽ നിന്നായിരി ക്കുകയില്ല. യേശു ഇസ്രായീല്യരിൽ നിന്നാണ് നിയുക്തനാ യിട്ടുള്ളത്. മുഹമ്മദാകട്ടെ ഇസ്രായീല്യരുടെ സഹോദരനിൽ നിന്ന് നിയോഗിക്കപ്പെടുകയും ചെയ്തു.

**2,** മോശെയെപ്പോലെയായിരിക്കും വരാനിരിക്കുന്ന പ്രവാച കൻ എന്നത്, താഴെ പറയുന്ന കാര്യങ്ങളാൽ യേശുവിനോട ല്ല, മറിച്ച് മുഹമ്മദിനോടാണ് യോജിക്കുന്നത്.

### A- ജനനം

മോശെയുടേതും, മുഹമ്മദിൻേറതും സ്വാഭാവിക ജനനം. യേ ശുവാകട്ടെ അസ്വാഭാവിക ജനനം.

**B-കുടുംബജീവിതം**

മോശെയും മുഹമ്മദും വിവാഹം കഴിച്ചു കുടുംബമായി ജീവിച്ചു. യേശു വിവാഹം കഴിച്ചില്ല.

**C-ജീവിതാവസാനം**

മോശെയും മുഹമ്മദും മരണപ്പെട്ടു. യേശുവാകട്ടെ അല്ലാഹുവിങ്കലേക്ക് ഉയർത്തപ്പെട്ടു.

**D-ഉത്തരവാദിത്വം**

മോശെയും മുഹമ്മദും പ്രവാചകനും, ഭരണാധികാരിയുമായിരുന്നു. യേശു പ്രവാചകൻ മാത്രമായിരുന്നു.

**E- ശരീഅത്ത്**

മോശെയും മുഹമ്മദും പുതിയശരീഅത്തുമായി നിയോഗിക്കപ്പെട്ടു. യേശു, മോശെയുടെ ആശയങ്ങൾ ജനങ്ങളെ പഠിപ്പിക്കുകയാണുണ്ടായത്.

**F- പാലായനം**

മോശെ, മദ്യനിലേക്കും മുഹമ്മദ് മദീനയിലേക്കും പാലായനം ചെയ്തു. യേശു പാലായനം ചെയ്തിട്ടില്ല.

**G-ദൈവീക ഗ്രന്ഥ ക്രോഡീകരണം**

മോശയുടേയും മുഹമ്മദിൻേറയും ജീവിതകാലത്ത് തന്നെ നടന്നിട്ടുണ്ട്. യേശുവിൻെറ കാലത്ത് ക്രോഡീകരിക്കപ്പെട്ടിട്ടില്ല.

**H-സ്വന്തം ജനതയുടെ പ്രതികരണം**

മോശയുടേയും മുഹമ്മദിൻേറയും ജനത ആദ്യം എതിർത്തു പിന്നീട് അംഗീകരിച്ചു. യേശുവിൻെറ ജനത പൂർണ്ണമായി അദ്ദേഹത്തെ അംഗീകരിച്ചിട്ടില്ല.

**I- എതിർപ്പും, വിജയവും**

മോശെയെ അങ്ങേയററം എതിർത്ത ഫറോവ അവസാനം പരാജയപ്പെട്ടു, മോശ വിജയിച്ചു. മുഹമ്മദിൻെറ ശത്രുക്ക

ളായിരുന്ന മക്കാമുശ്രിക്കുകൾ ബഹുദൈവത്വം അടിയറവു വെച്ചു കീഴടങ്ങി മുഹമ്മദ് വിജയിച്ചു. യേശുവിൻെറ കാര്യത്തിൽ അങ്ങിനെയുണ്ടായിട്ടില്ല.

## യേശുവിൻെറ പ്രവചനം :

‘‘എങ്കിലും സത്യം ഞാൻ നിങ്ങളോട് പറയുന്നു; ഞാൻ പോകുന്നത് നിങ്ങളുടെ നന്മക്കാണ്. ഞാൻ പോകുന്നില്ലെങ്കിൽ സഹായകൻ നിങ്ങളുടെയടുക്കൽ വരില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെയടുക്കലേക്ക് അയക്കും. അവൻ വരുമ്പോൾ പാപത്തേയും നീതിയേയും ന്യായവിധിയേയും പററി ലോകത്തെ ബോധ്യപ്പെടുത്തും. (യോഹന്നാൻെറ സുവിശേഷം 16 : 7,8)

‘‘ ഇനിയും പല കാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയാനുണ്ട് എന്നാൽ ഇപ്പോൾ നിങ്ങൾക്കത് താങ്ങാൻ സാധ്യമല്ല. സത്യാത്മാവ് വരുമ്പോൾ, അവൻ നിങ്ങളെ സകല സത്യത്തിലേക്കും വഴിനടത്തും. സ്വന്തം അധികാരത്തിൽ ഒന്നും അവൻ പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നതെന്തും അവൻ പറയും, വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോട് പ്രഖ്യാപിക്കും. എല്ലാ സത്യത്തിലേക്കും നയിക്കും. എനിക്കുള്ളത് എടുത്ത് അവൻ നിങ്ങളോട് പ്രഖ്യാപിക്കും അങ്ങിനെ അവൻ എന്നെ മഹത്വപ്പെടുത്തും.’’ (യോഹന്നാൻ 16 : 12..15).

‘‘ഞാൻ പിതാവിനോട് പ്രാർത്ഥിക്കും, നിങ്ങളോടുകൂടി എന്നെന്നുമുണ്ടായിരിക്കേണ്ടതിന്ന് പിതാവ് മററൊരു സഹായകനെ നിങ്ങൾക്ക് തരും ’’ (യോഹന്നാൻ 14 : 16).

‘‘എന്നാൽ എൻെറ നാമത്തിൽ പിതാവ് അയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കും ഞാൻ പറഞ്ഞിട്ടുള്ളതെല്ലാം അവൻ നിങ്ങളെ ഓർമ്മിപ്പിക്കുകയും ചെയ്യും.’’ ( യോഹന്നാൻ 14 : 16).

മേൽ വചനങ്ങളിലൂടെ യേശു പ്രവചിച്ച വരാനിരിക്കുന്ന സഹായിയുടെ പ്രധാന അടയാളം അദ്ദേഹം യേശു പോയതിന് ശേഷമായിരിക്കും വരിക എന്നുള്ളതാണ്. എന്നാൽ ക്രിസ്തീയ പുരോഹിതന്മാരാകട്ടെ മേൽപറയപ്പെട്ട പ്രവചനങ്ങളിലെ സഹായി പരിശുദ്ധാത്മാവാണെന്ന് സ്ഥാപിക്കാൻ വിഫലശ്രമം നടത്തുന്നതായി കാണാം. പക്ഷേ, ഇതിനെ സത്യവുമായി ബന്ധിപ്പിക്കാൻ അവർക്കൊരിക്കലും കഴിയാറില്ല. അതിനൊട്ടു കഴിയുകയുമില്ല. കാരണം പരിശുദ്ധാത്മാവ് യേശുവിൻെറ കാലത്തും അതിനു മുമ്പും പലരിലും പ്രത്യക്ഷപ്പെട്ടതായി ബൈബിളിൽതന്നെ പലസ്ഥലങ്ങളിൽ കാണാൻ കഴിയും എന്നാൽ യേശു പറഞ്ഞതായ, യേശുപോയാൽ മാത്രം വരും എന്നു പറഞ്ഞ, ഞാൻ പോകുന്നില്ലങ്കിൽ സഹായകൻ നിങ്ങളുടെയടുത്ത് വരില്ല എന്ന്പറഞ്ഞ വിശേഷണങ്ങളുമായി ഒരിക്കലും അത് യോജിക്കുന്നില്ല എന്നത്തന്നെ. ഇവിടെ സഹായകൻ എന്ന് അർത്ഥം പറഞ്ഞിട്ടുള്ളത് ***പെരിക്ലിററസ്*** എന്ന ഗ്രീക്ക് പദത്തിനാകാനാണ് സാധ്യത. അതിൻെറ അർത്ഥമാകട്ടെ സ്തുതിക്കപ്പെട്ടവൻ എന്നാണ് താനും. മുഹമ്മദ്, അഹ്മദ് എന്നീ അറബി പദങ്ങളുടെ അർത്ഥവും സ്തുതിക്കപ്പെട്ടവൻ എന്നു തന്നെയാണ്. അപ്പോൾ യേശുവിൻെറ പ്രവചനത്തിൻെറ യാഥാർത്ഥ്യം നമുക്ക് ഇങ്ങിനെ മനസ്സിലാക്കാം '' ഞാൻ പോകുന്നത് നിങ്ങളുടെ നന്മക്കാണ്, ഞാൻ പോകുന്നില്ലെങ്കിൽ അഹമ്മദ് (മുഹമ്മദ്) നിങ്ങളുടെ അടുക്കൽ വരികയില്ല''. ഇക്കാര്യം ഖുർആനിൽ 71 ാം അദ്ധ്യായത്തിൽ ഇങ്ങിനെ കണ്ടെത്താൻ കഴിയും. ''മറിയമിൻെറ മകൻ ഈസ പറഞ്ഞ സന്ദർഭം: ഇസ്രായീൽ സന്തതികളേ എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്കുശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെപ്പററി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിൻെറ ദൂതനായി നിയോഗിക്കപ്പെട്ടവനാണ് ഞാൻ'.(സൂറ ത്തുസ്വഫ്ഫ് 6).

മേൽകൊടുത്ത പ്രവാചകന്മാരുടെയല്ലാം പ്രവചനമായ അവസാനത്തെ പ്രവാചകനായി അവതരിച്ച മുഹമ്മദ് നബിയിൽ

വിശ്വസിക്കുകയും അദ്ദേഹത്ത പിൻപററുകയും ചെയ്യുക എന്നത് മാത്രമാണ് ഇഹപരവിജയം ആഗ്രഹിക്കുന്നവർക്കുള്ള ഏക രക്ഷാമാർഗ്ഗം. അതത്രെ യേശുവിൻെറ പാതയുടെ പൂർത്തീകരണവും.

പക്ഷേ ഖുർആൻ പറയുന്നത് എത്ര സത്യം !? '' നാം വേദം നൽകിയിട്ടുള്ളവർക്ക് സ്വന്തം മക്കളെ അറിയുന്നത്പോലെ അദ്ദേഹത്തെ (മുഹമ്മദ്നബിയെ) അറിയാം. തീർച്ചയായും അവരിൽ ഒരുവിഭാഗം അറിഞ്ഞുകൊണ്ടുതന്നെ സത്യം മറച്ചുവെക്കുകയാണ്''. (വിശുദ്ധ ഖുർആൻ 2 : 146 )

### ഒമ്പത്

## ഖുർആൻ നിത്യനൂതന ഗ്രന്ഥം

അന്ത്യപ്രവാചകനായ മുഹമ്മദ് നബിയിലൂടെ മനുഷ്യ കുലത്തിന്ന് ആകമാനമായി പടച്ചതമ്പുരാൻ അവതരിപ്പിച്ചു നൽകിയ ഗ്രന്ഥമാകുന്നു വിശുദ്ധ ഖുർആൻ. അത് ഏതെങ്കിലും പ്രദേശത്തേയോ ജനവിഭാഗത്തേയോ ലക്ഷ്യം വെച്ചുകൊണ്ടുള്ളതല്ല. മറിച്ച് മുഴുവൻ മനുഷ്യരേയും ലക്ഷ്യം വെച്ച് പ്രപഞ്ചനാഥൻ നൽകിയ അവസാനത്തെ ഗ്രന്ഥമാകുന്നു. മററു പ്രവാചകൻമാരിലൂടെ അവതരിച്ച ഗ്രന്ഥങ്ങളെല്ലാം പ്രത്യേകം കാലഘട്ടങ്ങളിലേക്കും പ്രദേശത്തേക്കും മാത്രമുള്ളതായിരുന്നു. അതാതു പ്രവാചകന്മാരുടെ കാലം കഴിയുകയും അടുത്ത പ്രവാചകൻെറ ഊഴം വരികയും ചെയ്താൽ ആദ്യ പ്രവാചകനിലൂടെ നൽകപ്പെട്ടിരുന്ന ഗ്രന്ഥവും കാലഹരണപ്പെട്ടതായിത്തീരുന്നു. ഇക്കാര്യം നമുക്ക് ഇന്ന് നിലനിൽക്കുന്നതും ദൈവീക ഗ്രന്ഥങ്ങൾ എന്ന് അതാതിൻെറ അനുയായികളാൽ അവകാശപ്പെടുന്നതുമായ ഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ തന്നെ മനസ്സിലാകുന്നതാണ്. ഉദാഹരണമായി യേശുവിലൂടെ അവതരിപ്പിക്കപ്പെട്ട ബൈബിൾ നാം പരിശോധിച്ചാൽ അതിൻെറ അവതരണ ഭാഷയായ **അരാമിക്** ഭാഷയിൽ ഇന്ന് ബൈബിളിൻെറ കോപ്പികൾ ലഭ്യമല്ല. എന്ന് മാത്രമല്ല, അരാമിക് ഭാഷപോലും

ഇന്ന് സംസാരഭാഷകളുടെ കൂട്ടത്തിൽ ലോകത്ത് കാണാൻ കഴിയുന്നില്ല. അതുപേലെതന്നെ മോശെ പ്രവാചകനിലൂടെ അവതരിച്ച തോറയുടെ (തൗറാത്തിൻെറ) അവതരണ ഭാഷയായ **ഹിബ്രു** ഭാഷയും ഇന്ന് സംസാരഭാഷയായി ഇന്ന് നിലവിലില്ല. ഹൈന്ദവ വേദപുരാണങ്ങളുടെയും ഉപനിഷത്തുകളുടേയും ഭാഷയായ ***സംസ്കൃത*** ഭാഷയും ഇന്ന് ജീവൽ ഭാഷയായി ലോകത്ത് നിലവിലില്ല എന്നതാണ് യാഥാർത്ഥ്യം.

ഖുർആനാകട്ടെ അവതരണരൂപത്തിൽ തന്നെ അതിൻെറ തനതായ ഭാഷയായ അറബി ഭാഷയിൽ ലോകത്തിൻെറ ഏത് ഭാഗത്തും ഇന്ന് ലഭ്യമാണ്. അതിൻെറ ഭാഷപോലും എല്ലാവരാലും ആകർശിക്കപ്പെടുന്നു ! അതിലേറെ അൽഭുതം, ഖുർആൻ അതാണ് അറബിഭാഷയിലെ ഗദ്യരൂപത്തിലുള്ള ഒന്നാമത്തെ ഗ്രന്ഥം എന്ന് മുസ്ലിംകളല്ലാത്ത ചരിത്രകാരൻമാർ പോലും രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. എന്നിട്ടുപോലും അതിൽ പിൽക്കാലത്ത് മാററത്തിരുത്തലുകൾ ആവശ്യമായി വന്നിട്ടില്ല. ആയിരത്തിനാനൂറ് സംവത്സരങ്ങൾ ഇന്ന് പിന്നിട്ടു. ഭാഷയിൽ ഒരുപാട് പരിവർത്തനങ്ങളുണ്ടായിട്ടുണ്ടെങ്കിലും അതെല്ലാം പതിനാല് നൂററാണ്ട് മുമ്പുള്ള ഖുർആനിൻെറ ശൈലിയിൽ ഒതുങ്ങിനിൽക്കുന്നതാണ് എന്നതത്രെ ഏറെഅത്ഭുതം !?.

ഖുർആനിൻെറ ഭാഷാപരമായ അത്ഭുതത്തെ ക്കുറിച്ച് ചിന്തിക്കുന്നവർക്ക് ഖുർആൻ അതിൻെറ അവതരണകാലത്തെ സാഹിത്യ സാമ്രാട്ടുക്കളോടു നടത്തിയ വെല്ലുവിളിതന്നെ മതിയായ ദൃഷ്ടാന്തം തന്നെയാണ്. ‘‘ നാം നമ്മുടെ ദാസന്ന് അവതരിപ്പിച്ചു കൊടുത്തിട്ടുള്ളതിൽ നിങ്ങൾ സംശയാലുക്കളാണ് എങ്കിൽ നിങ്ങളും അതുപോലുള്ള ഒന്നുകൊണ്ടുവരിക, നിങ്ങളുടെ നേതാക്കളെയും നിങ്ങൾക്ക് സഹായത്തിന്ന് വിളിക്കാവുന്നതാണ്, നിങ്ങൾ സത്യ സന്ധരാണെങ്കിൽ (അതാണ് നിങ്ങൾ ചെയ്യേണ്ടത്.)’’ ( വിശുദ്ധ ഖുർആൻ 2 : 23).

''(എന്നാൽ) പറഞ്ഞേക്കുക മനുഷ്യരും ജിന്നുകളും ഒന്നിച്ചു ശ്രമിച്ചാൽ പോലും അതുപോലുള്ളതൊന്നു കൊണ്ടുവരാൻ അവർക്കു സാധിക്കുകയില്ല.'' (ഖുർആൻ 17 : 88)

ലോകത്തേക്ക് നിയോഗിക്കപ്പെട്ട പ്രവാചകൻമാരെല്ലാം അവർ അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ട ദൂതന്മാരാണെന്ന് വിശ്വസിക്കത്തക്കതായ ദൃഷ്ടാന്തങ്ങളു മായിട്ടായിരുന്നു നിയോഗിക്കപ്പെട്ടിരുന്നത്. എന്നാൽ അവരിലൂടെ നൽകപ്പെട്ടിരുന്ന ദൃഷ്ടാന്തങ്ങൾ ആ പ്രവാചകരുടെ കാലം കഴിയുന്നതോടെ അവസാനിക്കുന്നതായിരുന്നു. മുഹമ്മദ് നബിയാകട്ടെ കാലദേശ പരിധികൾ കൂടാതെ സകല ജനങ്ങളിലേക്കും നിയോഗിക്കപ്പെട്ട പ്രവാചകനായതിനാൽ അദ്ദേഹം ദൈവത്താൽ നിയോഗിക്കപ്പെട്ട വ്യക്തിയാണെന്ന് ജനങ്ങൾക്ക് മനസ്സിലാക്കുവാനുള്ള ദൃഷ്ടാന്തവും എല്ലാകാലത്തും മുഴുവൻ മനുഷ്യരിലും അത്ഭുതം സൃഷ്ടിക്കുന്നതായിരിക്കണം എന്നത് നിർബന്ധമാണ് അത്രെ വിശുദ്ധ ഖുർആൻ.

ഖുർആനിൻെറ തുടക്കത്തിൽ തന്നെ ഈ ഗ്രന്ഥത്തിൽ യാതൊരു സംശയവുമില്ല എന്ന് പറഞ്ഞുകൊണ്ടാണ് അത് തുടങ്ങുന്നത്. അത് നമുക്ക് ഖുർആനിൻെറ ഉള്ളറകളിലേക്ക് ഇറങ്ങിയാൽ വ്യക്തമായും ബോധ്യപ്പെടുന്നതാണ്. ഖുർആൻ പ്രഖ്യാപിച്ച ചരിത്രസത്യങ്ങളോ, ഖുർആൻ പ്രവചിച്ച ഭാവികാര്യങ്ങളോ, ഖുർആനിൽ പറഞ്ഞതായ ശാസ്ത്രയാഥാർത്ഥ്യങ്ങളോ, ഖുർആനിൽ മനുഷ്യൻ തൻെറ ജീവിതത്തിൽ പാലിക്കാനായി പറഞ്ഞ ഏതെങ്കിലും ഒരുവിഷയമെങ്കിലും തിരുത്തപ്പെടേണ്ടതാടണന്ന് ഖുർആൻ അവതരിച്ച് ആയിരത്തി നാനൂറ് വർഷം പിന്നിട്ട ഇക്കാലത്ത് പോലും ഒരാൾക്കും വസ് തുനിഷ്ഠമായി തെളിയിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് തന്നെയാണ് ഖുർആനിൻെറ ഏററവും വലിയ അത്ഭുതവും.

ഖുർആൻ ഒരു ശാസ്ത്രഗ്രന്ഥമല്ല. എന്നാൽ, ഇന്ന് തെളിയിക്കപ്പെട്ട ശാസ്ത്രസത്യങ്ങളിൽ പലതും പതിനാല് നൂററാണ്ടിന് മുമ്പ് തന്നെ ഖുർആനിൽ വ്യക്തമാക്കപ്പെട്ടതാണ്. ആധുനിക

ശാസ്ത്രീയ ഉപകരണങ്ങളോ കണ്ടെത്തലുകളോ ഒന്നുമില്ലാത്ത കാലത്താണ് അവ സൂചിപ്പിക്കപ്പെട്ടത് എന്നതാണ് ഏറെ അത്ഭുതം. ഉദാഹരണമായി ഏതാനും ശാസ്ത്ര സത്യങ്ങളെപ്പററി ഖുർആൻ പറയുന്നത് കാണുക:

## പ്രപഞ്ചോൽപ്പത്തി:

''അവിശ്വാസികൾ നോക്കിക്കാണുന്നില്ലയോ തീർച്ചയായും ആകാശങ്ങളും ഭൂമിയും ഒട്ടിക്കിടക്കുന്ന അവസ്ഥയിലായിരുന്നു. പിന്നീട് നാം അവ രണ്ടിനേയും വേർപെടുത്തുകയാണുണ്ടായത്. ജീവനുള്ള എല്ലാററിനേയും നാം വെള്ളത്തിൽനിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലെയോ'' (ഖുർആൻ 21: 34). നോക്കൂ ഇന്ന് തെളിയിക്കപ്പെട്ടിട്ടുള്ള പ്രപഞ്ചോൽപ്പത്തിയെ സംബന്ധിച്ച സിദ്ധാന്തവും ഇത് തന്നെ വ്യക്തമാക്കുന്നു.!

## ഭ്രൂണശാസ്ത്രം:

''മനുഷ്യനെ നാം ഗർഭാഷയത്തിൽ ഒട്ടിക്കിടക്കുന്ന (*അലഖ്*) തിൽനിന്നും സൃഷ്ടിച്ചു. '' (അലഖ് 2). ''നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ മൂന്ന് തരം ഇരുട്ടറകൾക്കുള്ളിൽ അവൻ നിങ്ങളെ സൃഷ്ടിക്കുന്നു'' (ഖുർആൻ 39 :6) ഖുർആനിൻെറ അത്ഭുതകരമായ ഈപ്രഖ്യാപനം കണ്ടമ്പരന്ന പ്രശസ്ത കനേഡിയൻ ഡാക്ടറായ **കെയ്ത്ത്മൂർ** പറയുന്നത് ഇപ്രകാരമാണ് ''ഭ്രൂണത്തെ സംബന്ധിച്ച് പോലും കൃത്യമായവിവരങ്ങൾ അറിയാത്ത കാലത്ത്, ഇത്ര കൃത്യമായി ലോകരക്ഷിതാവിന് മാത്രമേ ഇത് പറയാൻ കഴിയൂ.''

## സമുദ്രശാസ്ത്രം:

''രണ്ട് സമുദ്രങ്ങളെ സ്വതന്ത്രമായി ഒഴുകാൻ വിട്ടവനാകുന്നു അവൻ. അവയിലൊന്ന് ശുദ്ധജലവും മറെറാന്ന് അരോചകമായിതോന്നുന്ന ഉപ്പുവെള്ളവും. അവക്കിടയിൽ (തമ്മിൽകൂടിക്ക

ലരാതിരിക്കാൻ) ഒരുമറയും ശക്തമായ ഒരു തടസ്സവും അവൻ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു.'' (ഖുർആൻ 25: 53)

ബഹ്റൈൻ തീരത്ത് നിന്ന് 3.5 കി. മി ദൂരെ പേർഷ്യൻ ഗൾഫിൽ *ഉമ്മുസ്സുവാലി* എന്ന സ്ഥലത്ത് വമ്പിച്ച ശുദ്ധജല ശേഖരം ഉപ്പുവെള്ളത്തിൽ കലരാത്തവിധം നിലനിൽക്കുന്നതായി കണ്ടെത്തുകയും ബഹ്റൈൻ ഗവൺമെൻറ് ഇത് പമ്പ്ചെയ്ത് ഉപയോഗപ്പെടുത്താൻ പരിപാടി ആരംഭിച്ചതായും 12/12/88 ലെ ഖലീജ് ടൈംസ് പത്രം റിപ്പോർട്ട് ചെയ്തതും ഇത്തരുണത്തിൽ ചേർത്തു വായിക്കേണ്ടതാണ്.!

## *പ്രാണിശാസ്ത്രം:*

തേനീച്ചയെ സംബന്ധിച്ച് ഖുർആനിൻെറ പ്രസ്താവന കാണുക: ''നിൻെറ നാഥൻ തേനീച്ചക്ക് ഇപ്രകാരം ബോധനം നൽകി. മലകളിലും മരങ്ങളിലും മനുഷ്യർ കെട്ടിയുണ്ടാക്കുന്ന വീടുകളിലും നീ പാർപ്പിടങ്ങൾ ഉണ്ടാക്കിക്കൊള്ളുക. പിന്നെ പലതരം പഴങ്ങളിൽ നിന്ന് ഭക്ഷിച്ചുകൊള്ളുക. എന്നിട്ട് നിൻെറ രക്ഷിതാവിൻെറ മാർഗ്ഗങ്ങളിൽ സൗകര്യപ്രദമായി നീ പ്രവേശിച്ചു കൊള്ളുക. അവയുടെ ഉദരങ്ങളിൽനിന്ന് വ്യത്യസ്ത വർണ്ണങ്ങളിലുള്ള പാനീയം പുറത്ത് വരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. തീർച്ചയായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്''. (ഖുർആൻ 16: 18, 19). അറബി ഭാഷയിൽ കർത്താവിൻെറ ലിംഗ വ്യത്യാസ മനുസരിച്ച് ക്രിയയെയും വ്യത്യാസപ്പെടുത്തുന്ന രീതിയാണുള്ളത്. മേൽ കൊടുത്ത വചനങ്ങളിൽ തേനീച്ചയോടുള്ള കൽപ്പനയിൽ (ഇത്തഖിദീ, കുലീ, ഫസ്ലുകീ) എല്ലാ ക്രിയകളും സ്ത്രീലിംഗമായാണ് ഉപയോഗിച്ചിരിക്കുന്നത് ഇത് കേവലം യാദൃശ്ചികമല്ല എന്നത് 1876ൽ ഹോളണ്ടുകാരനായ **സ്വാമർഡാം** എന്ന ശാസ്ത്രജ്ഞൻ വ്യക്തമാക്കിയപ്പോഴാണ് മനുഷ്യൻ അമ്പരക്കുന്നത്. തേനീച്ചവർഗ്ഗത്തിൽ പെൺതേനീച്ചകളാണ് കൂടുകെട്ടുകയും തേൻ ശേഖരിക്കുകയും അതുമായി ബന്ധപ്പെട്ട ജോലികളെല്ലാം ചെയ്യുന്നതെന്ന യാഥാർത്ഥ്യം അക്ഷരാഭ്യാസം പോലുമില്ലാത്ത

വ്യക്തിക്കെങ്ങിനെകിട്ടി !?. അത് പോലെത്തന്നെ *അവയുടെ ഉദരങ്ങളിൽ* എന്ന പ്രയോഗവും ! തേനീച്ചകളുടെ വയറുകൾക്ക് അനേകം അറകളുണ്ട് എന്നതും. അപ്രകാരം അനേകം തേനീച്ചകളുടെ വയറുകളിലൂടെ കടന്നിറങ്ങിയുമാണ് ഔഷധവീര്യമുള്ള തേൻ പുറത്ത്വരുന്നത് എന്ന യാഥാർത്ഥ്യവും എത്ര കൃത്യമായി വിവരിക്കപ്പെട്ടിരിക്കുന്നു!. അതെ ചിന്തിക്കുന്നവർക്ക് തീർച്ചയായും അതിൽ ധാരാളം ദൃഷ്ടാന്തമുണ്ട് എന്നത് എത്ര വ്യക്തം.!

## *മനുഷ്യ ശരീരശാസ്ത്രം* :

ഖുർആനിൻെറ അവതരണകാലത്തെ ജനങ്ങളോട് പുനർജന്മത്തെപ്പററി പറഞ്ഞപ്പോൾ അവരതിൽ സംശയിക്കുകയും എതിർക്കുകയും, മനുഷ്യൻ മരിച്ച് മണ്ണായശേഷം ഒരു പുനർജന്മം അതെങ്ങിനെയുണ്ടാകാനാണ്. എന്ന അവരുടെ ചോദ്യത്തിന് അല്ലാഹു പറഞ്ഞ മറുപടി കാണുക: ''അറിയുക; അവൻെറ വിരലററം (പോലും പഴയതുപോലെ) ശരിപ്പെടുത്തുവാൻ കഴിവുള്ളവനാണ് നാം''. (വിശുദ്ധ ഖുർആൻ 75: 4)

നോക്കൂ ലോകത്തെ 600 കോടിയോളം വരുന്ന മനുഷ്യരുടെയെല്ലാം വിരലടയാളം വ്യത്യസ്തമാണ് എന്ന് ആധുനിക ശാസ്ത്രം കണ്ടെത്തുകയും മനുഷ്യനെ തിരിച്ചറിയാനുള്ള മാർഗ്ഗമായി വിരലടയാളം അംഗീകരിക്കുകയും ചെയ്യുന്നതിൻെറ ആയിരത്തിലധികം വർഷങ്ങൾക്ക് മുമ്പ് ഖുർആനിൽ ഇക്കാര്യം പ്രഖ്യാപിക്കാൻ പ്രപഞ്ചനാഥനല്ലാതെ ആർക്കുകഴിയും !?.

ഖുർആൻ ഒരു ശാസ്ത്രഗ്രന്ഥമല്ല എന്നിട്ടും ഇത്പോലെ ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള നിരവധി ശാസ്ത്രസത്യങ്ങളിലേക്ക് ഖുർആൻ മനുഷ്യൻെറ ശ്രദ്ധ ക്ഷെണിക്കുന്നതായി കാണാം.

ഖുർആനിൻെറ അവതരണ കാലമായ ആറാം നൂററാണ്ടിൻെറ അവസാനം അറേബ്യയെ സംബന്ധിച്ചേടത്തോളം ഇരുണ്ടയുഗമെന്ന് ചരിത്രകാരന്മാർ വിഷേശിപ്പിച്ചിട്ടുള്ള കാലഘട്ടത്തിൽ, സാംസ്കാരികമായി എന്തെങ്കിലുമുണ്ട്, എന്ന്പോലും അവകാ

ശപ്പെടാനില്ലാത്ത ഒരു സമൂഹത്തിൽ നിന്ന്, പൈതൃകമായി മാതാപിതാക്കളിൽ നിന്നും എന്തെങ്കിലും കേട്ടുപടിക്കാൻ അവസരമില്ലാത്ത വിധം തികച്ചും അനാഥനായി വളർന്ന ഒരു വ്യക്തിക്ക്, അതും എഴുതാനറിയാത്ത ആരെങ്കിലും എഴുതിക്കൊടുത്താൽ അത് വായിക്കാൻ പോലുമറിയാത്ത വ്യക്തിക്ക്, അക്കാലത്ത് തൻെറ സമകാലികരായ മററൊരാൾക്കും കഴിയാത്തവിധം എങ്ങിനെ ഇത്രകൃത്യമായി ഇത്തരം കാര്യങ്ങൾ പ്രഖ്യാപിക്കാൻ കഴിയും !?.

അദ്ദേഹമാകട്ടെ തൻെറ നാൽപ്പത് വയസ്സ് പിന്നിടുന്നത് വരെ എല്ലാവരാലും അംഗീകരിക്കപ്പെടുകയും വിശ്വസ്തനെന്ന് കീർത്തിമുദ്രലഭിക്കുകയും ചെയ്തഒരുവ്യക്തി പുതുമയുള്ള അത്ഭുതപ്പെടുത്തുന്ന വാർത്തകൾ സമൂഹത്തോട് പറയുന്നു. അതാകട്ടെ ഒരിക്കലും തിരുത്തിപ്പറയേണ്ടി വരുന്നുമില്ല. എന്നാൽ അതിലേറെ അത്ഭുതം ഒരിക്കലും ഇത് തൻെറ കഴിവാണ് എന്നല്ല അദ്ദേഹം പറഞ്ഞിരുന്നത്. മറിച്ച് അദ്ദേഹത്തിൻെറ വാക്കുകൾ ഖുർആൻ നമുക്ക് ഇപ്രകാരം പറഞ്ഞു തരുന്നത് കാണുക: ‘‘എൻെറ രക്ഷിതാവിൽനിന്നും ബോധനം നൽകപ്പെടുന്നതിനെ പിൻപററുക മാത്രമാണ് ഞാൻ ചെയ്യുന്നത്. നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള കണ്ണുതുറപ്പിക്കുന്ന തെളിവുകളും വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗ്ഗദർശനവും കാരുണ്യവുമാകുന്നു ഇത്’’ (ഖുർആൻ 7 : 203)

അതെ മാനവരാശിക്കു മുഴുവനുമായി ഇഹപരവിജയം നേടുന്നതിനായി പ്രപഞ്ചനാഥൻ അന്തിമപ്രവാചകനിലൂടെ അവതരിപ്പിച്ച അവസാന വേദഗ്രന്ഥമാണ് ഖുർആൻ. സുഹൃത്തേ അത് താങ്കളുടേതുകൂടിയാണ്. ഓരോ മനുഷ്യനും അത് വായിച്ചു പഠിച്ച്, ജീവിതം അതിനനുസരിച്ച് ചിട്ടപ്പെടുത്തൽ തൻെറ സമാധാന ജീവിതത്തിനും ശാശ്വതവിജയത്തിനും അനിവാര്യമാണ്.

ഇനി താങ്കൾ ചിന്തിക്കുക, സ്രഷ്ടാവ് നൽകിയ ബുദ്ധി ഉപയോഗപ്പെടുത്തി നല്ലവണ്ണം ആലോചിക്കുക. ഇസ്ലാമിനെ സംബന്ധിച്ച് കൂടുതൽ കൂടുതൽ പഠിക്കുക. സത്യം കണ്ടെ

ത്താനും അതുൾക്കൊള്ളാനുമുള്ള തൻേറടവും ധൈര്യവും താങ്കൾക്ക് ലഭിക്കട്ടെ എന്ന് ആശിക്കുകയും താങ്കൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

***തീർച്ചയായും ഈ ഖുർആൻ ഏററവും ശരിയായതിലേക്ക് വഴികാണിക്കുന്നു. സൽക്കർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് മഹത്തായ പ്രതിഫലമുണ്ട് എന്നും, പരലോകത്തിൽ വിശ്വസിക്കാത്ത വരാരോ അവർക്ക് വേദനയേറിയ ശിക്ഷയുണ്ട് എന്ന് സ ന്തോഷമറിയിക്കുകയും ചെയ്യുന്നു.***

***(ഖുർആൻ 17: 9, 10).***

*ഖുർആൻ സത്യമാണെന്ന് അവർക്ക് വ്യക്തമാകത്തക്ക വണ്ണം വിവിധദിക്കുകളിലും അവരിൽതന്നെയും നമ്മു ടെ ദൃഷ്ടാന്തങ്ങൾ പിന്നീട് നാംഅവർക്ക്കാണിച്ചു കൊടുക്കുന്നതാണ്. നിൻെറരക്ഷിതാവ് ഏതുകാര്യത്തിനും സാക്ഷിയാണ് എന്നതുതന്നെമതിയായതല്ലേ.* ***(ഖുർആൻ 4/153).***
*തീർച്ചയായും ആകാശങ്ങളുടേയും ഭൂമിയുടേയും സൃഷ്ടിപ്പിലും രാപ്പകലുകൾ മാറിമാറിവരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പലദൃഷ്ടാന്തങ്ങളുമുണ്ട്.* ***(ഖുർആൻ 3/190)***

## പത്ത്
# പരലോക വിശ്വാസം

മരണം ജീവിതത്തിൻെറ അന്ത്യമല്ല മറിച്ച് യഥാർത്ഥ ജീവിതത്തിലേക്കുള്ള കവാടമാണ്. മനുഷ്യൻെറ മരണശേഷം വീണ്ടും മനുഷ്യനെ ജീവിപ്പിക്കുകയും, മരണത്തിന് മുമ്പ് അവൻ കഴിച്ചുകൂട്ടിയ ജീവിതം വിലയിരുത്തുകയും വിചാരണ നടത്തുകയും ചെയ്യുന്നു. തുടർന്ന് അവൻ ദൈവീക നിയമങ്ങൾക്ക് കീഴ്പ്പെടുകയും ദൈവത്തെമാത്രം നമിച്ചുകൊണ്ട് ജീവിക്കുകയും ചെയ്തവനായിരുന്നു വെങ്കിൽ അതിനുള്ള പ്രതിഫലമായി ശാശ്വതവും സുഖസമ്പൂർണ്ണവുമായ സ്വർഗ്ഗവും, ദൈവീക നിയമങ്ങൾ അവഗണിക്കുകയും താന്തോന്നിയായിക്കൊണ്ട് ജീവിതം തുലക്കുകയും ചെയ്തവനായിരുന്നുവെങ്കിൽ അവന് അതിനുള്ള ശിക്ഷയായിക്കൊണ്ട് നിത്യദുരിതപൂർണ്ണമായ നരകവും നൽകപ്പെടുന്നതാണ്. ഏകദൈവ വിശ്വാസത്തോടൊപ്പം എല്ലാ പ്രവാചകരിലൂടെയും അതാത് കാലഘട്ടത്തിലെ ജനങ്ങളെ പഠിപ്പിക്കുകയും, അവരിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്ത രണ്ടാമത്തെ വിശ്വാസകാര്യമായിരുന്നു ഇത്.

ഇത്തരം വിശ്വാസമുള്ള ഒരുത്തനു മാത്രമേ ജീവിതത്തിൻെറ അർത്ഥവും ലക്ഷ്യവും എന്തെന്ന് കണ്ടെത്താനാവുകയുള്ളൂ.

ഇനി ആലോചിക്കുക നാം എന്തിന് ഇവിടെ ജീവിക്കുന്നു ? ഈ ചോദ്യത്തിന് ശരിയായ ഉത്തരം കണ്ടെത്താൻ പരലോക വിശ്വാസികൾക്കല്ലാതെ കഴിയുകയില്ല. കാരണം മനുഷ്യൻ ചെയ്യുന്ന ഏതൊരു കർമ്മവും തൻെറ ബുദ്ധി ഉപയോഗപ്പെടുത്തിയും ലക്ഷ്യബോധത്തോടെയും മാത്രമേ അവൻ പ്രവർത്തിക്കാറുള്ളൂ. ഇത് ബുദ്ധിയുള്ള മനുഷ്യൻെറ മാത്രം പ്രത്യേകതയും കൂടിയാണ്. മനുഷ്യൻെറ എല്ലാ പ്രവർത്തനങ്ങളുടേയും ലക്ഷ്യം പ്രവർത്തനത്തിന് ശേഷം മാത്രമാണ്. ഒരു കർഷകൻ തൻെറ കൃഷിയിലൂടെ ലക്ഷ്യം വെക്കുന്നത് കൃഷിയിൽനിന്നും തനിക്ക് കിട്ടുന്ന ഉൽപ്പന്നം തനിക്ക് ഭാവി ജീവിത

ത്തിന് ഉപകാരപ്പെടണം എന്നുള്ളതാണ്. അല്ലാതെ എന്തിന് കൃഷിചെയ്യുന്നു എന്ന് ചോദിച്ചാൽ കൃഷിചെയ്യാൻ തന്നെ എന്ന് ബുദ്ധിയുള്ള ഒരാളും മറുപടി പറയാറില്ല. ഇത് പോലെ ത്തന്നെ നാമെല്ലാം സ്കൂളിൽ പോയിട്ടുള്ളവരാണ്, നമ്മുടെ കുട്ടികളേയും നാം സ്കൂളിൽ പറഞ്ഞയക്കുന്നു. അതിന് നമ്മെ പ്രേരിപ്പിക്കുന്ന ലക്ഷ്യം സ്കൂളിൻെറ നാല് ചുമരുകൾക്കു ള്ളിൽ ഒതുങ്ങുന്നതല്ല മറിച്ച് സ്കൂളിന് ശേഷമുള്ള ജീവിത മാണ് അക്കാര്യത്തിലെ നമ്മുടെ ലക്ഷ്യം. വളരെ പ്രയാസങ്ങൾ സഹിച്ച് ഗൾഫിൽ ജീവിക്കുന്ന ഒരു പ്രവാസിയുടെ ലക്ഷ്യം ഗൾഫിൽതന്നെ കഴിഞ്ഞുകൂടലാണോ ? ഒരിക്കലുമല്ല. മറിച്ചു ഗൾഫിന് ശേഷമുള്ള ജീവിതമാണ്.

ഇനി നിങ്ങൾപറയുക, എന്താണ് നിങ്ങളുടെ ജീവിത ല ക്ഷ്യം ?

മരണത്തിന് മുമ്പ് ഈലോകത്തിലുള്ള സുഖസമൃദ്ധിമാത്രം ഉദ്ദേശിക്കുകയും അത് നേടിയെടുക്കലുമാണോ ലക്ഷ്യം ?. എ ന്നാൽ ഈ ലോകം ലക്ഷ്യം വെച്ചവരിൽ അത് നേടാൻ കഴിയു ന്നവർ വളരെവളരെ തുച്ഛം പേർമാത്രമാണ് എന്നതല്ലേ യാഥാർ ത്ഥ്യം? പലരും തൻെറ ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്ത നങ്ങൾക്കിടയിൽ മരിച്ചുവീഴുന്നു! മററു ചിലരാകട്ടെ ലക്ഷ്യം നേടാൻ കഴിയാതെ വരികയും മററുള്ളവർക്ക് ലഭിച്ചത് കാണു കയും ചെയ്യുമ്പോൾ ജീവിതം തന്നെ അവസാനിപ്പിക്കുന്നു.!? ഇപ്പോൾ അവരെന്തു നേടി ? എന്തിനു ജീവിച്ചു ? ഈ ലോക ത്ത് അവർ ആഗ്രഹിച്ചത് നേടാനായില്ല; പരലോകം തീരെ യുമില്ല.

പരലോക വിശ്വാസമില്ലാതെ അന്യർക്ക് സേവനങ്ങൾ ചെയ്ത് ജീവിക്കുകയും തൻെറ ആശ്രിതരെപ്പോലും മറന്ന് മററുള്ള വർക്കുവേണ്ടി കഷ്ടപ്പെടുകയും അതിനിടയിൽ മരിച്ചുവീണ വരേയും നമുക്ക് കാണാം . അവരെന്തുനേടി അവരുടെ പ്രവർ ത്തനങ്ങളിലൂടെ ? ഒരുപക്ഷേ അവർ മററുള്ളവർക്ക് സ്വൈര്യ ജീവിതം നേടിക്കൊടുത്തു എന്ന് പറഞ്ഞേക്കും. അതല്ലെങ്കിൽ അവർക്കായി സ്മാരകങ്ങളും മന്ദിരങ്ങളും പണിതേക്കും. അ

തുമല്ലെങ്കിൽ അദ്ദേഹത്തെ എല്ലാവരും വാഴ്ത്തിപറഞ്ഞേക്കും. പക്ഷേ ഇതുകൊണ്ട് മരണപ്പെട്ട വ്യക്തിക്കെന്ത് നേടാൻ കഴിഞ്ഞു ? ഒന്നുമില്ല. ജീവിതം കടംകഥ തന്നെ !

അത്കൊണ്ട് നമ്മുടെ ജീവിതലക്ഷ്യം പരലോക മായിരിക്കണം എന്നതാണ് ഇസ്ലാം നമ്മോട് ആവശ്യപ്പെടുന്നത്. '' അപ്പോൾ നാം നിങ്ങളെ വെറുതെ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ല എന്നും നിങ്ങൾ വിചാരിച്ചിരിക്കുകയാണോ? '' (ഖുർആൻ 23:115)

പരലോകം അത് മനുഷ്യബുദ്ധി ശരിവെക്കുകയും തേടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന വസ്തുത കൂടിയാണ്. ഇവിടെ മനുഷ്യ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായ പ്രതിഫലം കൃത്യമായി ലഭിക്കുന്നില്ല. കുററവാളികൾ അവരർഹിക്കുന്ന വിധം ശിക്ഷിക്കപ്പെടുന്നുമില്ല എന്നുള്ളത് ഒരു ദു:ഖസത്യമാണ്. നന്മക്ക് പ്രതിഫലവും തിന്മക്ക് ശിക്ഷയും ലഭിക്കണമെന്ന നമ്മുടെ മനസ്സിൻെറ ആഗ്രഹം ഇവിടെ സഫലീകൃതമാകുന്നില്ല. കർമ്മങ്ങൾ കൃത്യമായി വിലയിരുത്തുകയും അർഹിക്കുന്നവിധത്തിലുള്ള അംഗീകാരവും പ്രതിഫലവും ലഭിച്ചിരുന്നെങ്കിൽ എന്ന് മനസ്സ് ദാഹിക്കുകയും ചെയ്യുന്നു. അതെ മനുഷ്യബുദ്ധിയുടെ ആവശ്യവും കൂടിയാണ് മതം പഠിപ്പിക്കുന്ന പരലോകം.

''എല്ലാ ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപ്പുനാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. അന്ന് ആര് നരകത്തിൽ നിന്ന് അകററപ്പെടുകയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവരാണ് വിജയിക്കുക. ഐഹിക ജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മററൊന്നുമല്ല. '' (ഖുർആൻ 3: 185)

മനുഷ്യാരംഭം മുതൽ കഴിഞ്ഞുപോയ മുഴുവൻ മനുഷ്യരേയും അന്ന് സ്രഷ്ടാവ് ജീവിപ്പിക്കുകയും പ്രവർത്തനങ്ങൾക്കനുസരിച്ച് പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. ഇവിടെ നടക്കുന്ന വിധത്തിലുള്ള യാതൊരുവിധ ശുപാർശയോ കൈ

ക്കൂലിയോ അന്ന് സ്വീകരിക്കപ്പെടുന്നതല്ല. കുററസമ്മതമോ പശ്ചാത്താപമോ, പ്രായശ്ചിത്തമോ അന്ന് ഫലപ്പെടുന്നതല്ല. ഒരാളും മറെറാരാൾക്ക് വേണ്ടി യാതൊന്നും ചെയ്യുന്നതല്ല. ഓരോരുത്തരും അവരവരുടെ പ്രശ്നംമാത്രം എന്ന ചിന്തയിലായിരിക്കും.

അന്നത്തെ കാര്യങ്ങൾ കൃത്യതയോടെയും നീതി പൂർവ്വവുമായിരിക്കും. അത് മനുഷ്യനെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതാണ്. അതിനുവേണ്ട സംവിധാനങ്ങൾ നാഥൻ മുൻകൂട്ടി തന്നെ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇവിടെ നടക്കുന്ന സകല പ്രവർത്തനങ്ങളും, ഉച്ചരിക്കപ്പെടുന്ന ഓരോ വാക്കുകളും ദൈവത്തിൻെറ പ്രത്യേക സൃഷ്ടിവിഭാഗമായ മാലാഖമാർ എഴുതിസൂക്ഷിക്കുന്നുണ്ട്. പുനരുത്ഥാന ദിവസം മുഴുവൻ മനുഷ്യരുടേയും മുന്നിൽവെച്ച്, ഓരോരുത്തരും പ്രവർത്തിച്ചതായ കർമ്മരേഖ അവരവരുടെ കൈകളിലേൽപ്പിച്ച് അവരെക്കൊണ്ട് തന്നെ അത് വായിപ്പിക്കുകയും, പ്രവർത്തനങ്ങൾ വീണ്ടും ഹാജറാക്കപ്പെടുകയും ചെയ്യുന്നതാണ്. അങ്ങിനെ ശരിയും തെററും ബോധ്യപ്പെടുത്തിയ ശേഷം അവരെ ശാശ്വതമായ സ്വർഗ്ഗീയ സുഖത്തിലേക്കോ, അതല്ലെങ്കിൽ ശാശ്വതമായ നരകത്തിലേക്കോ നീക്കുന്നതുമായിരിക്കും. അവരതിൽ അനന്തമായി കഴിഞ്ഞുകൂടുകയും ചെയ്യും.

‘‘ ഓരോ മനുഷ്യനും അവൻെറ ശകുനം (ജയ,പരാജയം) അവൻെറ കഴുത്തിൽ തന്നെ നാം ബന്ധിച്ചിരിക്കുന്നു. ഉയർത്തെഴുന്നേൽപ്പുനാളിൽ ഒരു ഗ്രന്ഥം നാം അവന്വേണ്ടി പുറത്തെടുക്കുന്നതാണ്. അത് നിവർത്തിവെക്കപ്പെട്ടതായി അവൻ കണ്ടെത്തും. നീ നിൻെറ ഗ്രന്ഥം വായിച്ചുനോക്കുക. നിന്നെ സംബന്ധിച്ച് വിചാരണ ചെയ്യാൻ ഇന്ന് നീതന്നെ മതി (എന്ന് അവനോട് പറയപ്പെടുകയും ചെയ്യും) അത്കൊണ്ട് വല്ലവനും നേർമാർഗ്ഗം സ്വീകരിക്കുന്നുവെങ്കിൽ അത് അവന് ഗുണത്തിന്ന് വേണ്ടിതന്നെയാണ്, വല്ലവനും പിഴച്ചു പോകുന്നപക്ഷം അത്

തനിക്ക് ദോഷത്തിനായിട്ടുമാണ്. ഒരാളുടേയും പാപഭാരം മററൊരാളും ചുമക്കുകയില്ല.'' (ഖുർആൻ 17: 13..15).

നോക്കൂ സഹോദരാ.. ഇവിടെ നമുക്ക് ഏററിവന്നാൽ ജീവിക്കാൻ കഴിയുക എഴുപതോ എമ്പതോ വർഷം മാത്രമാണ്. അത് നാം ദൈവം പറയുന്ന വിധത്തിൽ നന്മയുടെ മാർഗ്ഗത്തിൽ ചിലവഴിച്ചാൽ നമുക്ക് കിട്ടാനിരിക്കുന്നത് അററമില്ലാത്തതും, നമുക്ക് നമ്മുടെ ഭാവനയിൽ പോലും കണക്കുകൂട്ടാൻ കഴിയാത്തതുമായ സ്വർഗ്ഗീയജീവിതം ! നമുക്ക് നഷ്ടപ്പെടുവാനോ യാതൊന്നുമില്ല. ഇനി മറിച്ചാണെങ്കിലോ എഴുപതോ എമ്പതോ വർഷം നാം ആഗ്രഹിക്കുന്ന വിധത്തിൽ കിട്ടുമെന്ന് പോലും ഉറപ്പില്ലാത്ത ജീവിതത്തിന് വേണ്ടി ദൈവീക നിയമങ്ങൾ അവഗണിച്ച് താന്തോന്നിയായി ജീവിച്ചാൽ നഷ്ടപ്പെടുന്നത് സ്വർഗ്ഗജീവിതവും. കിട്ടാൻ പോകുന്നത് അററമില്ലാത്ത നരകജീവിതവുമായിരിക്കും. അതിന്ന് മുമ്പായി ഇവിടെയും പലപ്പോഴും നിത്യരോഗവും, ദുരിതങ്ങളും മാത്രമായിരിക്കും.

ഇനി നിങ്ങൾ തീരുമാനിക്കുക. ഉത്തരം കണ്ടെത്തുക. എന്തിന് വേണ്ടിയായിരിക്കണം നാം ജീവിക്കേണ്ടത് ?

മേൽപറഞ്ഞ വിഷയത്തിൽ ഇനിയും കൂടുതൽ ആലോചിക്കാനുണ്ടോ? സംശയമുണ്ടോ ?. ഖുർആൻ ചോദിക്കുന്നത് കാണുക,

''മനുഷ്യരേ, പുനർജന്മത്തെപററി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിക്കൂ) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും പിന്നീട് ബീജത്തിൽ നിന്നും, അനന്തരം രൂപം നൽകപ്പെട്ടതും അല്ലാത്തതുമായ മാംസപിൺഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാണ്). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരവധിവരെ നാം ഗർഭാശയത്തിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തുകൊണ്ടുവരുന്നു. അനന്തരം നിങ്ങൾ പൂർണ്ണശക്തി പ്രാപിക്കുന്നത്വരെ (അവൻ നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവ

സാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏററവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ട് നിർജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിന്മേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളേയും അത് മുളപ്പിക്കുകയും ചെയ്യുന്നു (അതുപോലെ). അതെന്തുകൊണ്ടെന്നാൽ അല്ലാഹു തന്നെയാണ് സത്യമായിട്ടുള്ളവൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും. അവൻ ഏത്കാര്യത്തിനും കഴിവുള്ളവനാണ്. തീർച്ചയായും അന്ത്യസമയം വരികതന്നെ ചെയ്യും. അതിൽ യാതൊരു സംശയവുമില്ല. തീർച്ചയായും ഖബറുകളിലുള്ളവരെ (മുമ്പ് മരണപ്പെട്ടവരെ) അല്ലാഹു ഉയിർത്തെഴുന്നേൽപ്പിക്കുക തന്നെ ചെയ്യും. (എന്നാൽ) യാതൊരറിവോ, മാർഗ്ഗദർശനമോ, വെളിച്ചം നൽകുന്ന ഗ്രന്ഥമോ ഇല്ലാതെ, അഹങ്കാരത്തോടെ തിരിഞ്ഞുകൊണ്ട് അല്ലാഹുവിൻെറ കാര്യത്തിൽ തർക്കിക്കുന്നവനും മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അല്ലാഹുവിൻെറ മാർഗ്ഗത്തിൽനിന്നും (ജനങ്ങളെ) തെററിച്ചു കളയുവാൻ വേണ്ടിയത്രെ അത്. ഇഹലോകത്ത് അവന് നിന്ദ്യതയാണുള്ളത്. ഉയിർത്തെഴുന്നേൽപ്പിൻെറ നാളിൽ ചുട്ടെരിക്കുന്ന ശിക്ഷ അവന്ന് നാം ആസ്വദിപ്പിക്കുകയുംചെയ്യും''(ഖുർആൻ 22/5..9).

'' മനുഷ്യൻ വിചാരിക്കുന്നുണ്ടോ, നാം അവൻെറ എല്ലുകളെ ഒരുമിച്ചു കൂട്ടുകയില്ലെന്ന് ? (എന്നാൽ അറിഞ്ഞുകൊള്ളുക) നാം അവൻെറ വിരലററം(പോലും പഴയരൂപത്തിൽ ശരിപ്പെടുത്താൻ) കഴിവുള്ളവനാണ്.'' (ഖുർആൻ 75/ 3,4).

അത്കൊണ്ട് നമ്മുടെ ജീവിതലക്ഷ്യം പരലോകവും, ശാശ്വത മോക്ഷവുമായിരിക്കണം. പ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞു, നിങ്ങൾ ഈലോകത്ത് ഒരു സഞ്ചാരിയെപ്പോലെ കഴിഞ്ഞുകൂടുക, പരലോകത്തേക്ക്, സ്വർഗ്ഗം ലക്ഷ്യംവെച്ച് യാത്രചെയ്യുന്ന ഒരു സഞ്ചാരിയെപ്പോലെ. എന്നാൽ യാത്രക്കിടയിൽ

ക്ഷീണമകററുന്നതിന് താൻ കാണുന്ന മരത്തണലിലോ, സത്ര ത്തിലോ, വൈററിംഗ് ഷെഡ്ഡിലോ തനിക്ക് കിട്ടുന്ന സൗകര്യ ങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ വിശ്രമിക്കുന്നതിനോ ഇ സ്ലാം ഒരിക്കലും എതിരല്ല. പക്ഷേ ലക്ഷ്യം മറക്കെരുതെന്ന് മാത്രം. അല്ലാഹു പറയുന്നത് കാണുക: '' നിനക്ക് അല്ലാഹു ന ൽകിയിട്ടുള്ളതിലൂടെ നീ പരലോകംതേടുക. (എന്നാൽ) ഐ ഹികലോകത്തിൽനിന്ന് നിനക്കുള്ളത് നീ മറക്കുകയും വേണ്ട, അല്ലാഹു നിനക്ക് നന്മനൽകിയതുപോലെ നീയും (മററുള്ള വർക്ക്) നന്മചെയ്യുക, ഒരിക്കലും നീ നാട്ടിൽ കുഴപ്പിത്തിന് മുതിരരുത്. തീർച്ചയായും അല്ലാഹു കുഴപ്പമുണ്ടാക്കുന്നവരെ ഇഷ്ടപ്പെടുകയില്ല.'' (ഖുർആൻ 28 : 77).

ഏറെക്കുറെ ഇതിന് സമാനമായ വിശ്വാസം ഹൈന്ദവ ക്രൈ സ്തവ മതങ്ങളടക്കം മറ്റെല്ലാമതങ്ങളിലും കണ്ടെത്താവു ന്നതാണ്.

*ഭൂമി അതിൻെറ ഭയങ്കരമായ പ്രകമ്പനം, പ്രകമ്പനം കൊള്ളിക്ക പ്പെട്ടാൽ. ഭൂമി അതിൻെറ ഭാരങ്ങൾ പുറന്ത ള്ളപ്പെടുകയും അതിന് എന്തുപററി എന്ന് മനുഷ്യർ പറ യുകയും ചെയ്താൽ. അന്നേ ദിവസം അത് (ഭൂമി) അ തിൻെറ വർത്തമാനങ്ങൾ പറഞ്ഞറിയിക്കുന്നതാണ്. നിൻെറ രക്ഷിതാവ് അതിന് ബോധനം നൽകിയത് കാരണത്താലാണത്. അന്ന് മനുഷ്യർ പല സംഘങ്ങ ളായി അവരുടെകർമ്മങ്ങൾക്കുള്ള പ്രതിഫലം കണ്ടെ ത്തുന്നതിനായി പുറപ്പെടുന്നതാണ്. അപ്പോൾ ആര് ഒരണുവിൻെറ തൂക്കം നന്മ ചെയ്തിരുന്നുവോ, അവൻ അത് കാണും . ആര് ഒരണുവിൻെറ തൂക്കം തിന്മ പ്രവർത്തി ച്ചിരുന്നുവോ അവൻ അതും കാണും.*

## പതിനൊന്ന്
# ഇവരെ പരിചയപ്പെടൂ

ദൈവീകമതമായ ഇസ്‌ലാമിലൂടെ സമാധാനം കണ്ടെത്തിയ പ്രമുഖരും പ്രഗത്ഭരുമായ ആളുകൾ ലോകത്ത് എന്നും എല്ലായിടത്തുമുണ്ടായിട്ടുണ്ട്. ഇസ്‌ലാമിലൂടെ അവർ അനുഭവിക്കുന്ന ആത്മനിർവൃതി, അവർ രചിച്ച ഗ്രന്ഥങ്ങളിലൂടെ ലോകത്തിന്ന് മുന്നിൽ വിവിധ ഭാഷകളിലൂടെ അവർ വ്യക്തമാക്കിയിട്ടുണ്ട്. ലോകപ്രശസ്തരായ ഏതാനും വ്യക്തികളെ നമുക്കിവിടെ പരിചയപ്പെടാം. അവർക്ക് നമ്മോട് പറയാനുള്ളത് ശ്രദ്ധിക്കാം. (അവലംബം പുടവ മാസിക. ജൂൺ 2000).

**റജാഗരോഡി** : പന്ത്രണ്ട് വർഷം ഫ്രാൻസിലെ കമ്മ്യൂണിസ്ററ് പാർട്ടിയുടെ പോളിററ്ബ്യൂറോ അംഗം, 1980 ൽ ഇസ്‌ലാം സ്വീകരിച്ചു.

'' ഞാനൊരു ക്രൈസ്തവ മതഭക്തനായിരുന്നു. ചിന്തയിൽ മാർക്സിയനും അനുഷ്ഠാനത്തിൽ ക്രിസ്ത്യാനിയും. എൻെറ ചിന്തയിൽ ക്രൈസ്തവ വിശ്വാസവും മാർക്സിയൻ ചിന്തകളും സംഘട്ടനത്തിലേർപ്പെട്ടു തുടങ്ങി. കമ്മ്യൂണിസം അപ്രാപ്യവും അപ്രായോഗിഗവുമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടു. മനുഷ്യനെയും അവൻെറ യഥാർത്ഥ പ്രശ്നങ്ങളേയും കമ്യൂണിസം മറന്നുവെന്നും കമ്മ്യൂണിസം അപ്രായോഗികമാകുവാനുണ്ടായ ഒരു പ്രധാന കാരണം അതാണെന്നും എനിക്ക് പറയാതിരിക്കാനാവില്ല. ഇസ്‌ലാം മണ്ണിനെയും വിണ്ണിനെയും വിഭജിച്ചു നിർത്തുന്നില്ല. മണ്ണുംവിണ്ണും പരസ്പര പൂരകങ്ങളാണ്. ദൈവനിയുക്ത ക്രമങ്ങളനുസരിച്ച് മനുഷ്യൻ അദ്ധ്വാനം ചെലവഴിക്കുന്നതിൻെറ ഫലമാണ് നാഗരീക വളർച്ച. നാഗരീകതയേയും സമൂഹത്തേയും കുറിച്ചുള്ള പടിഞ്ഞാറിൻെറ സങ്കൽപ്പം അടിമുടി അബദ്ധമാണ്.

ഇസ്ലാം വിശ്വാസത്തിൻെറയും ജീവിതത്തിൻെറയും സമന്വയമാണ്. വിശ്വാസമില്ലാത്ത ജീവിതമോ, ജീവിതത്തിൽ പ്രയോഗവൽക്കരിക്കാൻ കഴിയാത്തആദർശമോ ഇസ്ലാമിലില്ല. കിഴക്കിനും പടിഞ്ഞാറിനും മധ്യേ തലയുയർത്തി നിൽക്കാൻ ഇസ്ലാമിനെ പ്രാപ്തമാക്കുന്നത് ഈ സവിശേഷതയാണ്.

ഖുർആൻ വാക്യങ്ങൾ സംസാരിക്കുന്ന ദൃഷ്ടാന്തങ്ങളാണ്. പ്രപഞ്ചത്തിലെ വസ്തുക്കൾ സൂചനാ കുറിമാനങ്ങളാണ്. മണ്ണിലും വിണ്ണിലുമുള്ള എല്ലാം അല്ലാഹുവെ വാഴ്ത്തുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു''.

**<u>മോറീസ്ബുക്കായ്</u>** :

ഫ്രഞ്ച്ചിന്തകൻ. ബൈബിളിലും ഖുർആനിലും ശാസ്ത്ര വിഷയങ്ങളിലും ഒരുപോലെ പ്രാവീണ്യം നേടിയ പൺഡിതൻ, 1982 ൽ ഇസ്ലാം സ്വീകരിച്ചു.

''എന്നെ വെളിച്ചത്തിലേക്ക് നയിച്ചത് വിശുദ്ധ ഖുർആനാണ്. മതവും ശാസ്ത്രവും തമ്മിൽ സമന്വയപ്പെട്ടു കിടക്കുകയാണ് എന്ന് എനിക്ക് ബോധ്യപ്പെട്ടത് ഖുർആൻ പഠനമാരംഭിച്ചതോടെയാണ്. ഗോളശാസ്ത്ര പഠനങ്ങളും ആകാശത്തെക്കുറിച്ചുള്ള വിവരങ്ങളും നക്ഷത്രങ്ങളേയും രാപ്പകലുകളേയും കുറിച്ചുള്ള പഠനങ്ങളുമെല്ലാം ആധുനിക ശാസ്ത്രത്തെ ആധികാരികമായി കൊണ്ടുചെന്നെത്തിച്ചിരിക്കുന്നത് ഖുർആനിലാണ്. ഖുർആനിൻെറ വിവരണത്തോട് പൂർണ്ണമായും യോജിക്കുന്നതാണ് ശാസ്ത്ര പഠനങ്ങളിലധികവും. പതിനാലു നൂററാണ്ടുകൾക്ക് മുമ്പ്തന്നെ മനുഷ്യമസ്തിഷ്കത്തിലേക്ക് ഈ അത്ഭുത യാഥാർത്ഥ്യങ്ങൾ പറഞ്ഞുതന്ന ഖുർആൻ മനുഷ്യസൃഷ്ടിയാകാൻ ഒരു ന്യായവുമില്ല. അത് ദൈവീക വചനങ്ങൾ തന്നെയാണ്.

ഖുർആനിൻെറ ശാസ്ത്രാഭിമുഖ്യം മനുഷ്യനെ യാഥാർത്ഥ്യത്തിലേക്ക് നയിക്കാൻ പര്യാപ്തമാണ്. ശാസ്ത്രവുമായി വഴ

ക്കിടാത്ത മതമാണ് ഇസ്ലാം. ഇസ്ലാം തന്നെ ശാസ്ത്രമാണ്. ഖുർആൻ ശാസ്ത്രത്തിൻെറ റഫറൻസും. ''

## ഡോ. ബിലാൽ ഫിലിപ്സ് :

അമേരിക്ക; ഗ്രന്ഥകാരൻ, ചിന്തകൻ, എഴുത്തുകാരൻ 1972 ൽ ഇസ്ലാം സ്വീകരിച്ചു.

'' ശാസ്ത്ര സാങ്കേതികവിദ്യയിൽ ലോകം എത്രത്തോളം മുന്നേറിയെന്ന് അവകാശപ്പെടുന്നുവോ അതിൻെറ നാലിരട്ടി ജീവിതത്തിൽ സദാചാരഭ്രംശം ഉണ്ടായിട്ടുണ്ട്. ജീവിതത്തിൽ നിന്ന് ആദ്യാത്മികത ചോർന്നു പോകുന്നതാണ് എല്ലാ നാശത്തിനും കാരണം. തൊഴിൽ രഹിതനായ ഒരാൾക്ക് ജോലി കിട്ടുമ്പോൾ അയാൾ തൊഴിലിന്നാവശ്യമായ ഉപകരണങ്ങളും ചിഹ്നങ്ങളും അതീവ ശ്രദ്ധയോടെ കാത്തുപോരുന്നു. ഇതു പോലെയാണ് നിരാശനും നിസ്സഹായനുമായ മനുഷ്യന് മതവും ദൈവവും നൽകുന്ന ആശ്വാസവും സംതൃപ്തിയും. മനസ്സിൻെറ പ്രകൃതിയാണ് അന്വേഷണത്വര. മനുഷ്യമനസ്സുകൾക്ക് ശൂന്യതമാത്രം പ്രദാനം ചെയ്യുന്ന ആധുനിക പ്രത്യയശാസ്ത്രങ്ങളെ വിട്ട് ആധുനിക ലോകത്തിൻെറ പ്രതീക്ഷയുടെ ചിഹ്നമായ ഇസ്ലാം ഉൾക്കൊള്ളാൻ മുന്നോട്ടു വരിക, ചിന്തിക്കുന്ന മനുഷ്യരുടെ മതമാണിത്''.

## യൂസുഫുൽഇസ്ലാം :

അമേരിക്ക, ലോകപ്രശസ്തനായ പോപ്പ് സംഗീതജ്ഞൻ, 1978 ൽ ഇസ്ലാം സ്വീകരിച്ചു.

'' ഞാൻ ആധുനിക ലോകത്താണ് വളർന്നത് അതിൻെറ എല്ലാ വിധ സുഖാഢംബരങ്ങളിലും പ്രകടന തൽപ്പരതയുടെ ഉത്തുംഗതയിലും ഞാൻ എൻെറ ജീവിതം കഴിച്ചുകൂട്ടി. എൻെറ ഭൂതകാലം പ്രശസ്തിയുടേയും ഭാഗ്യത്തിൻേറതുമായിരുന്നു. പക്ഷേ മാർഗ്ഗദർശനം മാത്രം എന്നെ ഒഴിവാക്കി നടക്കുകയായിരുന്നു. ഖുർആൻ ലഭിക്കുന്നത്വരെ എത്ര ബുദ്ധിമുട്ടുകളാണ് ഞാൻ സഹിച്ചത്. ക്രിസ്തുമതത്തിലോ മററു മതങ്ങളിലോ ഇ

ല്ലാത്ത സത്യം, ദൈവവുമായി നേരിട്ട് ബന്ധപ്പെടാം എന്ന് എനിക്ക് ബോധ്യമായി. ഒരിക്കൽ ഒരു ഹിന്ദുസ്ത്രീ പറയുകയു ണ്ടായി: *ഞങ്ങൾ ഒരു ദൈവത്തിലാണ് വിശ്വസിക്കുന്നത്. ഞ ങ്ങളീ മൂർത്തികളെയെല്ലാം തന്നെ, മനസ്സിനെ ഏകാഗ്രമാക്കു വാനാണ് ഉപയോഗിക്കുന്നത്.* അതായത് ദൈവത്തിലെത്താ നായി പലസഹായികളേയും ഉപയോഗിക്കണമെന്ന്. ഇസ്ലാം ഈ വക തടസ്സങ്ങളെയൊക്കെ നീക്കുന്നു.

എൻെറ എല്ലാ സമസ്യകൾക്കുമുത്തരം ഖുർആനാണെന്നും അത് ദൈവീകമാണെന്നും എനിക്ക് ബോധ്യപ്പെട്ടു.''

## <u>മുഹമ്മദ്</u> <u>അസദ്</u> :

യൂറോപ്പിലെ പ്രമുഖ പത്രപ്രവർത്തകൻ

'' ഇസ്ലാം അതിമനോഹരമായ ഒരു സൗധമാണ്. കലാ സുഭ ഗതയുള്ള ഒരു മന്ദിരം. അവർണ്ണനീയമായ സൗന്ദര്യവും ചാരു തയും മുററിനിൽക്കുന്ന ആ സൗധത്തിൻെറ ഏത് ഭാഗമാണ് എന്നെ ആകർശിച്ചത് എന്ന് പറയാനാവില്ല. എല്ലാഭാഗവും ഒന്നിനൊന്ന് മെച്ചം!. ഒരു ഭാഗവും മോശമെന്ന് പറയാനാവില്ല. പ്രകൃതിപരമായ പാഠങ്ങളും, ആത്മീയമായ പീയൂഷവും, അ നുഭവ ജീവിതയാഥാർത്ഥ്യങ്ങളു മാണ് ഇസ്ലാം. അതി ശക്ത മായ ഏകതയും സന്തുലിതത്വവുമാണ് ഇസ്ലാമിൻെറ ഘടക ങ്ങൾ.''

## <u>മുഹമ്മദ്</u> <u>മാർമഡ്യൂക്</u> <u>പിക്താൾ</u>:

ബ്രിട്ടീഷ് എഴുത്തുകാരൻ, ഗ്രന്ഥകാരൻ, ഖുർആൻ പണ്ഡി തൻ, പരിഭാഷകൻ.

'' ഇസ്ലാമിലേക്ക് മാർഗ്ഗദർശനം ലഭിക്കുക എന്നതിലുപരി ഒരു മനുഷ്യന് ആഹ്ലാദം പകരാൻ തക്ക വിധത്തിലുള്ള വലിയ അനുഗ്രഹങ്ങൾ വേറെയില്ല. ഒരിക്കൽ സത്യം ഗ്രഹിക്കുകയും ഇസ്ലാം ആശ്ലേഷിക്കുകയും ചെയ്താൽ പിന്നീട് ജീവിത ത്തിലെ അനിശ്ചിതത്വം അപ്രത്യക്ഷമാകും. വിശ്വാസവും അ വിശ്വാസവും, സത്യവും അസത്യവും, , സന്തോഷവും സന്താ

പവുമെല്ലാം വേർതിരിച്ചു കാണാൻ അത്വഴി സാധിക്കുന്ന താണ്. ഞാൻ ഇതിനുമുമ്പ് അറിയുകയും അനുഭവിക്കുകയും ചെയ്യാത്ത സന്തോഷം മനസ്സിനെ വലയം ചെയ്തിരിക്കുന്നു.''

## ഫൗസുദ്ദീൻ അഹ്മദ് :

ഹോളണ്ട്; പ്രമുഖ സാമൂഹ്യ പ്രവർത്തകൻ.

'' എന്തിനാണ് ഒരാൾ മുസ്ലിമാകുന്നത്? എങ്ങിനെയാണ് ഏതെങ്കിലും മതത്തിൽ ജനിച്ചയാൾ അതിൽ തുടരാതെ മാറിപ്പോകുന്നത്? ഇതിനുത്തരം ചോദ്യത്തിൽ തന്നെ അടങ്ങിയിരിക്കുന്നു. ഇസ്ലാം എന്നാൽ അവനവനിൽ, ലോകത്തിൽ, പിന്നെ ദൈവത്തിൽ ശാന്തി കണ്ടെത്തുക എന്നർത്ഥം. അതാണ് ദൈവേഛയനുസരിച്ചുള്ള സമർപ്പണം. ഖുർആനിൻെറ അതിഗാംഭീര്യതയും സൗന്ദര്യതയും തർജുമയിൽ നഷ്ടപ്പെടുന്നുവെങ്കിൽ പോലും ഞാനിവിടെ ദൈവവചനങ്ങൾ ഉദ്ധരിക്കട്ടെ; ''സമാധാനമടഞ്ഞ ആത്മാവേ, ദൈവത്തിലേക്ക് തൃപ്തി പ്പെട്ടുകൊണ്ടും തൃപ്തി ലഭിച്ചുകൊണ്ടും മടങ്ങിക്കൊള്ളുക, എൻെറ അടിയാന്മാരുടെ കൂട്ടത്തിൽ പ്രവേശിച്ചുകൊള്ളുക.'' (ഖുർആൻ 89: 27.. 30). അത്കൊണ്ട് ക്രിസ്തുമതത്തെയോ മററു മതങ്ങളെയോ പേലെ മിത്തോളജിയിലധിഷ്ഠിതമാകാത്ത ഒരൊററ പാവന മതമേയുള്ളൂ അതാണ് ഇസ്ലാം.''

## ജിഹാദ ഗിൽഗ്രീസ് :

അമേരിക്ക, ചർച്ച് ടീച്ചർ, 1971 ൽ ഇസ്ലാം സ്വീകരിച്ചു.

'' 1971 ൻെറ ആരംഭത്തിൽ എൻെറ ജീവിതം മാററത്തിന് വിധേയമായിത്തുടങ്ങി. എൻെറ അടുത്ത സ്നേഹിതയുടെ ഭർത്താവ് പരിശുദ്ധ ഖുർആനിൻെറ ഒരുപ്രതി എനിക്ക് വായിക്കാൻ തന്നു. ഖുർആൻ വായിച്ചപ്പോൾ ഖുർആനിൻെറ ചരിത്രപരമായ വശങ്ങളെപ്പററി കൂടുതൽ അറിയാൻ ഞാൻ ആഗ്രഹിച്ചു. ഇസ്ലാമിക പഠനം ഏകാന്തമായ എൻെറ മണിക്കൂറു കളെ നിറക്കാൻ സഹായിച്ചു. പഠനത്തിലൂടെ ഇസ്ലാമിന് വേണ്ടി പണിയെടുക്കുകയാണ് എൻെറ കടമയെന്ന് ഞാൻ വിശ്വ

സിച്ചു. ക്രിസ്ത്യൻ ജീവിതത്തേക്കാൾ നല്ല ഇസ്‌ലാമിക ജീവിതം എനിക്കുണ്ടാകണമെന്ന് ഞാൻ തീരുമാനിച്ചു. ആ തീരുമാനത്തിൽ പിന്നീട് എനിക്ക് ദു:ഖിക്കേണ്ടി വന്നിട്ടില്ല.

അല്ലാഹുവിൻെറ നിയമങ്ങളിൽ ഗാഢമായി വിശ്വസിക്കുകയും അവൻെറ നിയമങ്ങൾ അനുസരിക്കുകയും ചെയ്യുന്ന വരെ അല്ലാഹു എല്ലായ്പ്പോഴും സംരക്ഷിക്കുകയും പ്രതിഫലം നൽകുകയും ചെയ്യും.''

## ആഇശ ബ്രിഡ്ജിററ് :

ഇംഗ്ലണ്ട്, പ്രശസ്ത എഴുത്തുകാരി, വിദ്യഭ്യാസ പ്രവർത്തക.

''ഇസ്‌ലാം ഒരുയൂറോപ്യൻ മുസ്‌ലിം പറഞ്ഞതുപോലെ പൂർണവും കൃത്യവുമായ ജ്യാമിതീയ മാതൃകയെ പോലെയാണ്. അതിൻെറ ഓരോഘടകവും മററുള്ളതിനെ പൂർത്തിയാക്കുന്നു. ഈ ഘടകങ്ങൾ തമ്മിലുള്ള പൊരുത്തത്തിലും യോജിപ്പിലുമാണ് അതിൻെറ യഥാർത്ഥ സൗന്ദര്യം. ഇതാണ് മനുഷ്യനിൽ ആഴത്തിൽ സ്വാധീനം ചെലുത്തുന്ന ഇസ്‌ലാമിൻെറ സവിശേഷത.''

## ഡോ. മുറാദ് ഹോഫ്മാൻ :

ജർമ്മൻ ചിന്തകൻ, ഗ്രന്ഥകാരൻ.

'' യഥാർത്ഥത്തിൽ ലോകത്തെ മുസ്‌ലിം വ്യാപനം സാധ്യമാക്കിയതിന് പ്രധാന കാരണം സാധാരണ ജനങ്ങൾ ഇസ്‌ലാമിനെ സ്വാഗതം ചെയ്തു എന്നതാണ്. ഇസ്‌ലാമിൻെറ ചരിത്രവും അന്തസ്സത്തയും ലോകം അറിയുന്നു. ഇസ്‌ലാം സ്ത്രീക്ക് മാന്യവും സുരക്ഷിതവുമായ പദവിയാണ് നൽകുന്നത്. സ്ത്രീകൾക്ക് കൂടുതൽ സംരക്ഷണം ഇസ്‌ലാമിൽ മാത്രമാണുള്ളത്.''

## എവ്ലിൻ സൈനബ് :

ഇംഗ്ലണ്ടിലെ പ്രമുഖ സാമൂഹ്യപ്രവർത്തകയും, ചിന്തകയും.

'' അറിയും തോറും കൂടുതൽ കൂടുതലായി എനിക്ക് ബോധ്യപ്പെട്ടത്, ഏററവുമധികം പ്രായോഗികമായ മതമാണ് ഇസ്‌ലാം

എന്നാണ്. അത് ലോകത്തെ പല അമ്പരപ്പിക്കുന്ന പ്രശ്നങ്ങൾക്കും വളരെ യുക്തമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന മതമാണ്. മാനവസമുദായത്തിന് ശാന്തിയും സന്തോഷവുമേകുന്ന മതം. ഇസ്ലാം രണ്ട് അടിസ്ഥാന തത്വങ്ങളിൽ അധിഷ്ഠിതമാണ്. ദൈവത്തിൻെറ ഏകത്വം, സാഹോദര്യം എന്നിവയാണവ. എല്ലാററിലുമുപരി അതൊരു ക്രിയാത്മക വിശ്വാസമാണ്.''

ഞങ്ങളുടെ രക്ഷിതാവേ സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ ***നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവീൻ*** എന്ന് പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങിനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്കു നീ പൊറുത്തു തരികയും, പുണ്യവാന്മാരുടെ കൂട്ടത്തിൽ ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ. (ഖുർആൻ 3: 193)

### പന്ത്രണ്ട്

## ഇസ്‌ലാം നിങ്ങളുടെ മതം

ഇസ്‌ലാമിനെ സംബന്ധിച്ച് അറിയാൻ ആഗ്രഹിക്കുന്നവർക്ക് ഒരു വഴികാട്ടിമാത്രമാണ് ഇതിലെ ഉള്ളടക്കം. മുൻവിധി കൂടാതെ സത്യാന്വേഷണബുദ്ധിയോടെ ഇസ്‌ലാമിനെ പഠിക്കാനാഗ്രഹിക്കുന്നവർക്ക് തീർച്ചയായും ചെറുതെങ്കിലും ഇത് ഉപകാരപ്പെടാതിരിക്കുകയില്ല. ഇസ്‌ലാം ലോകജനതക്കാകമാനമുള്ളതാണ്. ലോകാവസാനം വരേക്കുമുള്ളതും. ചിന്താശീലരായ ആളുകൾക്കത് നേർവഴികാണിക്കുക തന്നെചെയ്യും.

ഇസ്‌ലാം എന്താണ് എന്ന് നിങ്ങൾ ഇപ്പോൾ ഏറെക്കുറെ മനസ്സിലാക്കിയിരിക്കും. അത് നിങ്ങളുടേതു കൂടിയാണ്. അതനുസരിച്ച് ജീവിക്കൽ നിങ്ങളുടെ കൂടി ബാധ്യതയാണ്. ഇസ്‌ലാം പറയുന്ന അല്ലാഹു നിങ്ങളുടെകൂടി സ്രഷ്ടാവും സംരക്ഷകനുമായ നാഥനാണ്. ഖുർആൻ അത് നിങ്ങളുടേതു കൂടിയാണ്. അതിൻെറ അർത്ഥം വായിക്കപ്പെടേണ്ടത് എന്നാണ്. അത് നിങ്ങളുംകൂടി വായിച്ചു പഠിക്കേണ്ടതാണ്. ഇസ്‌ലാം പ്രബോധനം ചെയ്യുവാൻ അവസാനത്തെ പ്രവാചകനായി നിയോഗിക്കപ്പെട്ട മുഹമ്മദ് (സ) എന്ന പ്രവാചകൻ നിങ്ങളുടെ കൂടി പ്രവാചകനാണ്. ഇക്കാര്യം അംഗീകരിച്ച് ജീവിച്ചാൽ നിങ്ങൾക്കും രക്ഷപ്രാപിക്കാം. ഇനിയും സംശയിക്കുകയാണെങ്കിൽ, ഞങ്ങൾക്കീ കാര്യം ആരും അറിയിച്ചു തന്നിട്ടില്ല എന്ന് ദൈവ ത്തിൻെറ മുമ്പിൽ വിചാരണ വേളയിൽ ഇനി നിങ്ങൾക്ക് പറഞ്ഞു രക്ഷപ്പെടാനൊക്കില്ല. ഇനി നിങ്ങൾ ചിന്തിക്കുക, തീരുമാനമെടുക്കുക. ഇസ്‌ലാം അതുമാത്രമാണ് മോക്ഷമാർഗ്ഗം അത് മററു ദൈവീകമതങ്ങളുടെയെല്ലാം പൂർത്തീകരണം കൂടിയാണ്. അത് മാത്രമാണ് മനുഷ്യപ്രകൃതിക്ക് അനുയോജ്യമായ പ്രകുതി മതം. നിങ്ങൾക്ക് ദൈവം നൽകിയ ബുദ്ധി ഉപയോഗപ്പെടുത്തുക.

ഇസ്‌ലാം ഒരാളിലും നിർബന്ധം ചെലുത്തുന്നില്ല. ഖുർആൻ പറയുന്നത് കാണുക, ‘‘ മതത്തിൽ നിർബന്ധം ചെലുത്തലില്ല.

സന്മാർഗ്ഗം ദുർമാഗ്ഗത്തിൽനിന്നും വ്യക്തമായി വേർതിരിഞ്ഞു കഴിഞ്ഞിരിക്കുന്നു.'' (ഖുർആൻ 2: 256). ''അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ, ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ, അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കിവെച്ചിട്ടുണ്ട്.'' (വിശുദ്ധ ഖുർആൻ 18: 29)

''തീർച്ചയായും മതം അല്ലാഹുവിങ്കൽ ഇസ്‌ലാം മാത്രമാണ്.'' (വിശുദ്ധ ഖുർആൻ 3/19)
'' ഇസ്‌ലാം (ദൈവത്തിനുള്ള സമർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും. '' (ഖുർആൻ 3/85)

അത്കൊണ്ട് കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിനെ വിലയിരുത്താതെ ഇസ്‌ലാമിക പ്രമാണങ്ങളായ ഖുർആനിൽ നിന്നും പ്രവാചകചര്യയിൽനിന്നും മാത്രം ഇസ്‌ലാമിനെ മനസ്സിലാക്കുക. ചിന്തിക്കുക. ശാശ്വത സമാധാനത്തിനുള്ള, സത്യമാർഗ്ഗം കണ്ടെത്തുക, അതുൾക്കൊള്ളുക, വിജയത്തിലെത്താം. ജഗന്നിയന്താവും സംരക്ഷകനുമായ ദൈവം താങ്കൾക്കും അതിന് അനുഗ്രഹം നൽകുകയും വിജയികളിൽ ഉൾപ്പെടുത്തുകയും ചെയ്യട്ടെ. (ആമീൻ.)

## ഇസ്‌ലാം എളുപ്പമാണ് :

ഒരാൾ മുസ്‌ലിമാവുക എന്നുള്ളത് എളുപ്പമാണ്. ഇതുവരേക്കും നിങ്ങൾ വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ ഗ്രഹിച്ചു കൊണ്ട് **അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്** എന്ന സാക്ഷ്യവാക്യം ഉരുവിട്ട് അതനുസരിച്ച് ഞാൻ ജീവിക്കുമെന്ന് മനസ്സാ അംഗീകരിച്ച് പ്രതിജ്ഞ എടുത്തു കഴിഞ്ഞാൽ താങ്കൾ മുസ്‌ലിമായി കഴിഞ്ഞു.
അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു എന്നാൽ അല്ലാഹു വല്ലാതെ ആരാധനകൾക്കർഹനായി മററാരുമില്ല എന്നതിന് എ

ൻെറ ജീവിതം സാക്ഷിയാകുന്നു. (ഞാൻ സാക്ഷ്യം വഹിക്കുന്നു). എന്നും അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹി എന്നാൽ തീർച്ചയായും മുഹമ്മദ് നബി (സ) അല്ലാഹുവിൻെറ ദൂതനാണ് എന്നതിനും എൻെറ ജീവിതം സാക്ഷിയായിരിക്കും (ഞാൻ സാക്ഷ്യം വഹിക്കുന്നു.). എന്നുമാണ് അർത്ഥം.

## ഇസ്ലാം കാര്യങ്ങൾ:

ഒരാൾ മുസ്ലിമാകുന്നതോടുകൂടി അയാൾ അനുഷ്ഠിക്കൽ നിർബന്ധമായി തീരുന്ന കാര്യങ്ങൾ അഞ്ച് കാര്യങ്ങളാണ്. അവക്ക് അർകാനുൽ ഇസ്ലാം അഥവാ ഇസ്ലാം കാര്യങ്ങൾ എന്ന് പറയുന്നു അവ താഴെ പറയുന്നവയാണ്.

1, അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹി എന്നരണ്ടു സാക്ഷ്യവാക്യങ്ങൾ അർത്ഥം ഗ്രഹിച്ച് അവയുൾക്കൊണ്ട് ജീവിതം ക്രമപ്പെടുത്തൽ.
2, അഞ്ച് സമയങ്ങളിലെ നമസ്കാരം നിർവ്വഹിക്കൽ.
3, സക്കാത്ത് (നിർബന്ധദാധം) നൽകൽ.
4, റമദാൻ മാസം മുഴുവൻ പകൽസമയം വ്രതമനുഷ്ഠിക്കൽ.
5, കഴിവുള്ളവർ ഹജ്ജ് കർമ്മം നിർവ്വഹിക്കൽ.

## ഈമാൻ കാര്യങ്ങൾ :

താഴെ പറയുന്ന ആറ് കാര്യങ്ങളിൽ വിശ്വസിക്കുക എന്നതും മുസ്ലിമിന് നിർബന്ധമാണ്. അവക്ക് അർകാനുൽ ഈമാൻ അഥവാ ഈമാൻ കാര്യങ്ങൾ എന്നുമാണ് പറയുന്നത്.

1, അല്ലാഹുവിലുള്ള വിശ്വാസം.
2, അല്ലാഹുവിൻെറ മലക്കുകളിലുള്ള വിശ്വാസം.
3, അല്ലാഹുവിൻെറ ഗ്രന്ഥങ്ങളിലുള്ള വിശ്വാസം.
4, അല്ലാഹുവിൻെറ പ്രവാചകന്മാരിലുള്ള വിശ്വാസം.
5, അന്ത്യദിനത്തിലുള്ള വിശ്വാസം.
6, നന്മയും തിന്മയുമായ എല്ലാം അല്ലാഹുവിൻെറ വിധി (തീരുമാനം) യാണെന്ന വിശ്വാസം.

ഇത് ഒരു വഴികാട്ടിമാത്രമാണ്. മേൽ പറയപ്പെട്ട ആരാധനകളുടേയും വിശ്വാസകാര്യങ്ങളുടേയും വിശദരൂപങ്ങളും മററു ജീവിതക്രമങ്ങളും പെരുമാററ രീതികളുമെല്ലാം മററു ഗ്രന്ഥങ്ങളും ഖുർആൻ പരിഭാഷകളും ഉപയോഗപ്പെടുത്തി വായിച്ചു പഠിക്കണമെന്ന് കൂടി ഓർമ്മപ്പെടുത്തുന്നു. നാഥൻ നമ്മെ അനുഗ്രഹിക്കട്ടെ. (ആമീൻ).

وصـــلى الله وســـلم علـــى نبينـــا محمـــد وعلـــى آلـــه وصـــحبه أجمعيـــن

# الطريق إلى الحق

## (باللغة المليبارية)

إعداد :
عبد اللطيف السمي

# സത്യത്തിലേക്കുള്ള
# പാത

തയ്യാറാക്കിയത്:
അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി